VOL NO: 09
ISSUE 07
2025 FEBRUARY 15
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ എം. മുഹമ്മദ് മദനി; ബാക്കിവച്ച നൻമകൾ



# വക്ഫ് നിയമ ഭേദഗതിയും ജെപിസിയും: സംഘ്പരിവാർ ലക്ഷ്യം വെക്കുന്നത്

വ്യത്യസ്ത മതവിഭാഗങ്ങളെ ഉൾക്കൊള്ളാനും അവരുടെ ന്യായമായ ആചാരാനുഷ്ഠാനവകാശങ്ങളെ വകവെച്ചുകൊടുക്കാനും തയ്യാറാവുമ്പോഴാണ് ഏതൊരു മതനിരപേക്ഷ രാജ്യവും അതിന്റെ ഭരണഘടനയും മഹത്തരമാകുന്നത്. ഭരണഘടനാശിൽപികൾ സ്വപ്നം കണ്ട ഇന്ത്യയെ തന്നെയാണോ ഇന്നത്തെ ഭരണാധികാരികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്? അല്ലെന്നുള്ളതിന്റെ മികച്ച ഉത്തരമാണ് വക്ഫ് നിയമ ഭേദഗതി ബിൽ.

ഒരുങ്ങുക, അവസാന യാത്രയ്ക്കായി

തൗഹീദും അദ്വൈതവും സൂഫികളുടെ വഹ്ദതുൽ വുജൂദും

സന്തോഷവും ആഘോഷവും; മതത്തിലും നാസ്തികതയിലും






GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0421
# നേർപഥം
വാരിക

2025 ഫെബ്രുവരി 15
1446 ശഅ്ബാൻ 17
പുസ്തകം 09 / ലക്കം 07

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







**10** കവർ സ്റ്റോറി
**വഖ്ഫ് നിയമ ഭേദഗതിയും ജെപിസിയും: സംഘ്പരിവാർ ലക്ഷ്യം വെക്കുന്നത്**
മുജീബ് ഒട്ടുമ്മൽ

വ്യത്യസ്ത മതവിഭാഗങ്ങളെ ഉൾക്കൊള്ളാനും അവരുടെ ന്യായമായ ആചാരാനുഷ്ഠാനവകാശങ്ങളെ വകവെച്ചുകൊടുക്കാനും തയ്യാറാവുമ്പോഴാണ് ഏതൊരു മതനിരപേക്ഷ രാജ്യവും അതിന്റെ ഭരണഘടനയും മഹത്തരമാകുന്നത്. ഭരണഘടനാശിൽപികൾ സ്വപ്നം കണ്ട ഇന്ത്യയെ തന്നെയാണോ ഇന്നത്തെ ഭരണാധികാരികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്? അല്ലെന്നുള്ളതിന്റെ മികച്ച ഉത്തരമാണ് വഖ്ഫ് നിയമ ഭേദഗതി ബിൽ.

**05** മുഖമൊഴി
തൗഹീദും അദ്വൈതവും
സൂഫികളുടെ വഹ്ദതുൽ വുജൂദും

**06** ലേഖനം
ഒരുങ്ങുക,
അവസാന യാത്രയ്ക്കായി
റോഷൻ പുനലൂർ

**18** പ്രഭാഷണം
ദുരാരോപണത്തിന്റെ
നിജ സ്ഥിതിയെന്ത്?
ഫൈസൽ മൗലവി പുതുപ്പറമ്പ്

**22** നമുക്കുചുറ്റും
സന്തോഷവും ആഘോഷവും ;
മതത്തിലും നാസ്തികതയിലും
ശമീർ മദീനി

**24** പഠനം
മാതൃകായോഗ്യനായ ഭർത്താവ്
അബൂറാഷിദൽ കാസിമി
കുടയത്തൂർ

**26** കർമപഥം
കച്ചവടത്തിൽ
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**28** ജാലകം
എം. മുഹമ്മദ് മദനി;
ബാക്കിവച്ച നൻമകൾ
കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

**30** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** പുതുനാമ്പുകൾ
മാറ്റാൻ കഴിയില്ലേ ഈ ശീലങ്ങൾ?
സഹല ഷെറിൻ ചെർപ്പുളശ്ശേരി

**34** കാഴ്ച
പരിമിതിയെ
വെല്ലുവിളിയാക്കുമ്പോൾ
ഇബ്നു അലി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം പ്രബോധക സംഗമം സമാപിച്ചു

കോഴിക്കോട്: വിസ്ഡം പണ്ഡിതസഭയായ ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ ആറു മാസത്തിലൊരിക്കൽ സംഘടിപ്പിച്ചുവരുന്ന പ്രബോധക സംഗമം ഫെബ്രുവരി 9ന് കോഴിക്കോട് സ്പാൻ ഹോട്ടലിൽവച്ച് നടന്നു. വർത്തമാനകാലത്തെ സകല മേഖലകളിലുമുള്ള മാറ്റങ്ങൾ തിരിച്ചറിഞ്ഞ് യുക്തിദീക്ഷയോടെയും സദുപദേശത്തോടെയുമുള്ള പ്രാമാണികമായ പ്രബോധനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നിറഞ്ഞ മനസ്സോടെയാണ് പ്രബോധകർ മടങ്ങിയത്.

മതപരമായി കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ ഹ്രസ്വമായ സമയത്തിനുള്ളിൽ പ്രമാണബദ്ധമായി കാര്യങ്ങൾ അവതരിപ്പിക്കുകയും സംശയനിവാരണത്തിന് തുറന്ന അവസരം ഒരുക്കുകയും ചെയ്തത് പ്രബോധക ക്യാമ്പിനെ സക്രിയമാക്കി. വിഷയാവതാരകരെ പോലെത്തന്നെ സദസ്സിലുള്ളവരും വിഷയങ്ങളുടെ വ്യത്യസ്തതലങ്ങളിലേക്ക് വെളിച്ചം വീശാനുതകുന്ന തരത്തിലുള്ള ഇടപെടൽ നടത്തിയത് ക്യാമ്പിനെ ഫലപ്രദമാക്കി.

വിജ്ഞാനം തേടുന്നവർ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിഷയങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ് പണ്ഡിതസഭയുടെ കൺവീനർ കൂടിയായ ശമീർ മദീനി ആമുഖ സംസാരം നടത്തിയത്. ക്യാമ്പിനെ നിയന്ത്രിച്ച, പണ്ഡിതസഭാധ്യക്ഷൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂരിന്റെ അളന്നു മുറിച്ച അധ്യക്ഷ സംസാരത്തിൽ പ്രബോധക സംഗമത്തിന്റെ ലക്ഷ്യവും അതിനോടുള്ള സമീപനവും കോറിയിട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസി.പി.എൻ അബ്ദുല്ലത്വീഫ് മദനിയുടെ ഉദ്ഘാടന പ്രഭാഷണം വർത്തമാനകാലത്ത് പ്രബോധകർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഉൾക്കാഴ്ച പകർന്നു നൽകുന്നതായിരുന്നു.

'ബിദഈ കക്ഷികളും അവയുടെ ആധുനിക രൂപങ്ങളും' എന്ന വിഷയത്തിൽ ഹംസ മദീനി നടത്തിയ പ്രഭാഷണം സമുദായത്തിൽ ഇപ്പോൾ ചർച്ചയായിക്കൊണ്ടിരിക്കുന്ന വിഷയങ്ങളുടെ അടിസ്ഥാനങ്ങളി ലേക്ക് പ്രബോധകരെ കൂട്ടിക്കൊണ്ടുപോകുന്നതായിരുന്നു. സാമ്പത്തിക രംഗത്ത് സമൂഹത്തിൽ ഉയർന്നുവരുന്ന പുതിയ ചോദ്യങ്ങളെ അഭിമുഖീകരിക്കാൻ പ്രബോധകർക്ക് കരുത്ത് നൽകുന്ന വിധമാണ് ശബീബ് സ്വലാഹി 'സകാത്തും ആധുനിക സമ്പദ്ഘടനയും' എന്ന വിഷയം അവതരിപ്പിച്ചത്.

ദീർഘനാളത്തെ കൂട്ടക്കുരുതിക്ക് ശേഷം ഗസ്സ സാധാരണ നിലയിലേക്ക് മടങ്ങുന്ന ഈ ഘട്ടത്തിൽ പശ്ചിമേഷ്യയിൽ സംഭവിച്ചത് എന്താണെന്ന് വ്യക്തമായി വരച്ചു കാണിക്കുന്നതായിരുന്നു അബ്ദുൽ മാലിക് സലഫിയുടെ സംസാരം. ന്യൂജനറേഷനെ അഭിമുഖീകരിക്കുമ്പോൾ പ്രബോധകർക്ക് ഉണ്ടാകേണ്ട തിരിച്ചറിവുകൾ ആധുനികമായ പഠനങ്ങൾ മുൻനിർത്തിക്കൊണ്ട് വിസ്ഡം സ്റ്റുഡൻസ് വൈ. പ്രസിഡന്റ് സ്വഫ്‌വാൻ ബറാമി അൽഹികമി നടത്തിയ സംസാരം പുതിയകാലത്ത് നമ്മെ അത്ഭുതപ്പെടുത്തുന്ന വാർത്തകൾക്ക് പിന്നിലെ കാരണങ്ങളിലേക്ക് കൂടി വെളിച്ചം വീശുന്നതായിരുന്നു.

പ്രബോധകന്റെ നാവു പിഴച്ചാൽ ഉണ്ടാകുന്ന അനർഥങ്ങളും ജീവിതം മാതൃകായോഗ്യമല്ലാതാവു മ്പോൾ ഉണ്ടാകുന്ന അപകടങ്ങളും ഓർമ്മിപ്പിച്ചുകൊണ്ട് അബൂബക്കർ സലഫി നിർവഹിച്ച ഉൽബോധനം ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാൻ ഓരോ പ്രബോധകന്റെയും അകക്കണ്ണ് തുറപ്പിക്കാൻ കഴിയുന്നതായിരുന്നു. ഐടി സങ്കേതങ്ങൾ വഴി പ്രബോധകർക്ക് പണ്ഡിത സഭയുമായി സംശയ നിവാരണത്തിനും ആശയ വിനിമയത്തിനുമായി ഒരുക്കിയ വിസ്ഡം ഗൈഡ് സംബന്ധിച്ച പരിശീലനം വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി നിർവഹിച്ചു.

മുസ്‌ലിം സംഘടനകളോടുള്ള സമീപനം, സമുദായം നേരിടുന്ന വെല്ലുവിളികൾ, വർധിക്കുന്ന കുറ്റകൃത്യങ്ങൾ, ലഹരിയുടെ ആധിക്യം, വയോജന സംരക്ഷണം, വിവാഹം വൈകിപ്പിക്കുന്ന പുതുതലമുറ ഉയർത്തുന്ന പ്രശ്നങ്ങൾ... തുടങ്ങിയ സമകാലീന വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ടു സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സമാപന സംസാരം നടത്തി. ■

# തൗഹീദും അദ്വൈതവും സൂഫികളുടെ വഹ്ദതുൽ വുജൂദും

ഏറെ ചർച്ച ചെയ്യപ്പെടുകയും തെറ്റുധാരണകൾക്ക് വിധേയമാവുകയും ചെയ്ത ഒരു വിഷയമാണ് അദ്വൈതവും തൗഹീദും തമ്മിലുള്ള ബന്ധം. തൗഹീദും അദ്വൈതവും തമ്മിൽ എന്തെങ്കിലും സാദൃശ്യമുണ്ടോ? സൂഫികളുടെ 'വഹ്ദതുൽ വുജൂദ്' സിദ്ധാന്തം യഥാർഥത്തിൽ അദ്വൈത സിദ്ധാന്തം തന്നെയല്ലേ?

ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിത്തറയാണ് തൗഹീദ് (ഏക ദൈവവിശ്വാസം). തൗഹീദിന്റെ സംസ്ഥാപനമായിരുന്നു ആദം നബി(അ) മുതൽ അന്തിമദൂതൻ മുഹമ്മദ്(സ്വ)വരെയുള്ളവരുടെ ആഗമനോദ്ദേശ്യം തന്നെ. ഖുർആനിന്റെ പ്രഖ്യാപനമനുസരിച്ച്, ലോകത്ത് ഒരു ജനതയും ഈ ദിവ്യസന്ദേശം ലഭിക്കാതെ കടന്നുപോയിട്ടില്ല.

അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല, അവന് യാതൊരു പങ്കുകാരനുമില്ല, അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ് എന്ന സത്യപ്രഖ്യാപനമാണ് തൗഹീദ്.

അദ്വൈതവും തൗഹീദും സമാന ആശയമാണ് ഉയർത്തിപ്പിടിക്കുന്നതെന്ന ധാരണ പരത്തിയത് സൂഫിസമാണ്. സത്യത്തിൽ ഇവ രണ്ടും വിരുദ്ധ ആശയങ്ങളാണ് ഉൾക്കൊള്ളുന്നത്. അദ്വൈതം ബഹുദൈവാരാധനയെ താത്വികവത്കരിക്കുന്നുവെങ്കിൽ, തൗഹീദ് ബഹുദൈവവിശ്വാസത്തിന്റെ സർവ തലങ്ങൾക്കും എതിരായതാണ്. ഒരേയൊരാരാധ്യൻ എന്നതാണ് തൗഹീദിന്റെ മുഖമുദ്ര. അദ്വൈതം പ്രപഞ്ചത്തെയും ദൈവത്തെയും ഭിന്നമായി കാണുന്നില്ല.

ചുരുക്കത്തിൽ അദ്വൈതവാദപ്രകാരം പ്രപഞ്ചവും ദൈവവുമെല്ലാം ഒന്നുതന്നെ. അപ്പോൾ സർവ പ്രാപഞ്ചിക വസ്തുക്കളും ആരാധ്യരാണെന്നു വരുന്നു! ദൈവവും ജീവനും പ്രപഞ്ചവുമെല്ലാം ഒന്നുതന്നെ; രണ്ടല്ല എന്ന ആശയത്തിലൂടെ യുക്തിരഹിതവും ബഹുദൈവവാദപരവുമായി മാറുകയാണ് അദ്വൈതം. ഈ നിലപാടിനോട് നേരെ എതിരാണ് തൗഹീദ്. സർവ പ്രാപഞ്ചിക വസ്തുക്കൾക്കുമുപരിയായ അസ്തിത്വമാണ് ദൈവം. അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ്. ഏകനും സർവജ്ഞനുമായ അല്ലാഹു മാത്രമാണ് ആരാധ്യൻ എന്നതാണ് തൗഹീദിന്റെ കാതൽ.

സൂഫികളുടെ 'വഹ്ദതുൽ വുജൂദ്' (ഉൺമയിലെ ഏകത്വം), 'അനൽഹഖ്'(ഞാനാണ് പരമസത്യം) പോലുള്ള ചിന്തകൾ അദ്വൈത സിദ്ധാന്തത്തിനു സമാനമാണ്. ഹുസൈനുബ്നു മൻസൂരിൽ ഹല്ലാജ് (എ.ഡി. 858-922) ആണ് ഇത് ആദ്യമായി പ്രഖ്യാപിക്കുന്നത്. അദ്വൈത ചിന്തയിലെ ഏകാത്മവാദം, അഹം ബ്രഹ്മാസ്മി (ഞാനാണ് ബ്രഹ്മം), തത്ത്വമസി (പരമതത്ത്വം നീ തന്നെയാണ്) എന്നീ വാക്യങ്ങൾക്കു സമാനമാണ് ഈ വാക്കുകൾ.

"അനൽഹഖ് എന്നത് ഒരു സിദ്ധാന്തമല്ല, അതൊരു അനുഭൂതി തലം മാത്രമാണ്. സൂഫി അവന്റെ പ്രേമഭാജനമായ റബ്ബിനോട് അടുക്കുമ്പോൾ അവനിൽ ഉളവാകുന്ന അനുഭൂതിയിൽ സ്വവ്യക്തിത്വത്തിന്റെ നിരാസം (ഫനാഅ്) സൂഫിയിൽ ഉളവാകുന്നു. അവന്റെ ചിന്തയും റബ്ബിന്റെ ചിന്തയും ഒരേ രേഖയിൽ ആയി മാറുന്നു. അതാണ് 'അനൽഹഖ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്" എന്ന് സൂഫികൾ ന്യായീകരിക്കുന്നതു കാണാം. മനുഷ്യന്റെ ചിന്തയും റബ്ബിന്റെ ചിന്തയും ഒരേ രേഖയിൽ വരുന്നതെങ്ങനെയാണ്? 'അടിമയുടെ വ്യതിരിക്ത വ്യക്തിത്വവും ഇഛയും നശിച്ച് പരമയാഥാർഥ്യത്തിന്റെ (അല്ലാഹുവിന്റെ) സർവാതിശായിയായ ഇഛയിൽ ലയിക്കാൻ' സൂഫികൾക്ക് കഴിയുമെന്ന് വാദിക്കുന്നവർ തങ്ങളാണ് യഥാർഥത്തിൽ തൗഹീദ് ഉൾക്കൊണ്ടവർ എന്നു പറയുന്നതിൽ എന്തർഥമാണുള്ളത്? ■



റോഷൻ പുനലൂർ
(ജാമിഅഃ അൽഹിന്ദ്)
: 85906 13225

# ഒരുങ്ങുക, അവസാന യാത്രയ്ക്കായി

മഹാനായ സ്വഹാബി ഇംറാനുൽ ഖയാത്ത്(റ) പറഞ്ഞു: "ഒരിക്കൽ ഞങ്ങൾ ഇബ്റാഹീം നഖ്ഇയെ സന്ദർശിക്കുകയുണ്ടായി. ഞങ്ങൾ ചെല്ലുമ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ ചോദിച്ചു: 'എന്താണ് താങ്കളെ കരയിപ്പിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ മരണത്തിന്റെ മലക്കിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. ആ മലക്ക് സ്വർഗത്തെക്കുറിച്ചാണോ നരകത്തെക്കുറിച്ചാണോ സന്തോഷ വാർത്ത നൽകുക എന്ന് ചിന്തിച്ചാണ് ഞാൻ കരയുന്നത്."

രാജാക്കന്മാരുടെ രാജാധിപത്യം നഷ്ടമാകുന്ന നിമിഷമാണത്. ധനികനും ദരിദ്രനുമിടയിൽ അന്ന് ഏറ്റവ്യത്യാസമില്ല. അമീറുൽ മുഅ്മിനീൻ മഅ്മൂൻ തന്റെ മരണ വെപ്രാളവേളയിലാണ്. തനിക്കുവേണ്ടിയൊരുക്കിയ വിരിപ്പിൽ അദ്ദേഹം കിടക്കുകയാണ്. തലയിൽ ചാരമെടുത്തിട്ടു കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ചു: 'ആധിപത്യം ഒരിക്കലും നീങ്ങിപ്പോകാത്ത നാഥാ! ആധിപത്യം നിങ്ങിപ്പോകുന്ന ഈയുള്ളവനോട് ഇന്നു നീ കരുണ ചെയ്താലും.' എല്ലാ വലിയവരും ചെറുതാക്കപ്പെടുന്ന നിമിഷമാണത്. എല്ലാ സമ്പന്നരും ദരിദ്രരാക്കപ്പെടുന്ന നിമിഷം. എല്ലാ സുന്ദരന്മാരും വിരൂപരാക്കപ്പെടുന്ന നിമിഷം. എല്ലാ പ്രതാപികളും നിസ്സാരരാക്കപ്പെടുന്ന നിമിഷം. അന്ന് വാക്കുകളും കർമങ്ങളും മുറിഞ്ഞുപോകും. എല്ലാ ആഗ്രഹങ്ങളും

ഭയാനകരമായ ആ നിമിഷം; അത് സത്യസന്ധമായ ഒരു നിമിഷം തന്നെയാണ്. നുണയല്ല, സംശയമോ അതിശയോക്തിയോ ഒന്നുമല്ല. ജീവിതത്തിന്റെ എല്ലാ മാധുര്യങ്ങളും ആസ്വാദനങ്ങളും മാഞ്ഞുപോകുന്ന നിമിഷം. കടന്നുപോയ ജീവിതത്തിന്റെ ചിത്രങ്ങൾ മുഴുമനും മനുഷ്യന്റെ ചിന്തയിലേക്ക് തെളിഞ്ഞുവരുന്ന നിമിഷം. താൻ ഈ ദുനിയാവിൽ  അനുഭവിച്ചുകൂട്ടിയ ആസ്വാദനങ്ങൾ നിലയ്ക്കുകയാണെന്ന യാഥാർഥ്യം തിരിച്ചറിയുന്ന നിമിഷം. ദുനിയാവിലെ ജീവിതം വെറും നൈമിഷികമാണെന്ന യാഥാർഥ്യം ആ നിമിഷത്തിലാണ് തിരിച്ചറിയുക.

മാഞ്ഞുപോകും.

ഭയാനകരമായ ആ നിമിഷം; അത് സത്യസന്ധമായ ഒരു നിമിഷം തന്നെയാണ്. നുണയല്ല, സംശയമോ അതിശയോക്തിയോ ഒന്നുമല്ല. ജീവിതത്തിന്റെ എല്ലാ മാധുര്യങ്ങളും ആസ്വാദനങ്ങളും മാഞ്ഞുപോകുന്ന നിമിഷം. കടന്നുപോയ ജീവിതത്തിന്റെ ചിത്രങ്ങൾ മുഴുമനും മനുഷ്യന്റെ ചിന്തയിലേക്ക് തെളിഞ്ഞുവരുന്ന നിമിഷം. താൻ ഈ ദുനിയാവിൽ അനുഭവിച്ചുകൂട്ടിയ ആസ്വാദനങ്ങൾ നിലയ്ക്കുകയാണെന്ന യാഥാർഥ്യം തിരിച്ചറിയുന്ന നിമിഷം. ദുനിയാവിലെ ജീവിതം വെറും നൈമിഷികമാണെന്ന യാഥാർഥ്യം ആ നിമിഷത്തിലാണ് തിരിച്ചറിയുക.

അത് മരണത്തിന്റെ നിമിഷമാണ്. മരണത്തെപ്പറ്റി, മരണനിമിഷത്തെപ്പറ്റി എന്തറിയാം നമുക്ക്? ജീവിതത്തിലുടനീളം താൻ സമ്പാദിച്ചുക്കൂട്ടിയ സമ്പത്ത് തനിക്ക് ഉപകരിക്കാത്ത നിമിഷമാണത്. ജീവന് തുല്യം സ്നേഹിച്ച മക്കൾ നിസ്സഹായരായി മാറുന്ന നിമിഷം. ഏത് പ്രയാസഘട്ടത്തിലും സാമാധാനത്തിന്റെയും ആശ്വാസത്തിന്റെയും തണൽവിരിക്കുന്ന ഇണകളുടെ നിലവിളികൾ ഉപകാരപ്പെടാത്ത ആ നിമിഷം. തോളിൽ കയ്യിട്ട് പല തിന്മകൾക്കും തനിക്കൊപ്പമുണ്ടായിരുന്ന കൂട്ടുകാർ കൈമലർത്തുന്ന ആ നിമിഷം. ഈ ദുനിയാവിൽ താൻ പടുത്തുയർത്തിയ സ്ഥാനമാനങ്ങളും അധികാരങ്ങളും നഷ്ടപ്പെടുന്ന നിമിഷം. ആരുടെയും മുന്നിൽ ഇടറാതെ നിന്ന കാൽപാദങ്ങൾ ഇടറുന്ന നിമിഷം. തീർച്ച; അത് മരണത്തിന്റെ നിമിഷമാണ്.

അന്ന് മരണവേദന പുതഞ്ഞുമൂടുകതന്നെ തന്നെ ചെയ്യും. നാഡിഞരമ്പുകൾ വലിഞ്ഞുമുറുകും. കൈകാലുകൾ തളർന്നുപോകും. തൊണ്ട വറ്റിവരളും. ഒരിറ്റ് വെള്ളത്തിനായി കൊതിക്കും. ചുറ്റും കൂടിയവരെ നോക്കി  രക്ഷിക്കണേ എന്ന് അലറിവിളിക്കാൻ ശ്രമിക്കും. ശബ്ദം ഇടറും. പതുക്കെ ബോധം നശിക്കും. ശ്വാസം നിലയ്ക്കും.

എല്ലാം അവസാനിച്ചു. വിളിപ്പേരുകൾക്കോ സ്ഥാനപ്പേരുകൾക്കോ പിന്നീട് അവിടെ പ്രസക്തിയില്ല. വിളിച്ചിരുന്ന പേര് മാറുകയാണ്. മക്കൾ ചോദിക്കില്ല എന്റെ വാപ്പ എവിടെ എന്ന്. ഭാര്യ ചോദിക്കില്ല എന്റെ ഭർത്താവ് എവിടെ എന്ന്. ഉമ്മ ചോദിക്കില്ല എന്റെ മോൻ എവിടെ എന്ന്. എന്തിനും ഏതിനും കൂടെയുണ്ടായിരുന്ന കൂട്ടുകാർ ചോദിക്കില്ല എന്റെ ചങ്ങാതി എവിടെ എന്ന്.  ഓടിക്കൂടിയ നാട്ടുകാരോ വിവരമറിഞ്ഞെത്തിയ കുടുംബക്കാരോ ചോദിക്കില്ല ഇന്ന ആൾ എവിടെ എന്ന്. എല്ലാവരും ചോദിക്കുക ഒന്ന് മാത്രമാണ്; 'മയ്യിത്ത് എവിടെ?' എല്ലാവർക്കും അറിയേണ്ടത് ഒന്ന് മാത്രമാണ്; എപ്പോഴാണ് പള്ളിയിലേക്ക് കൊണ്ടുപോകുന്നത്.

പ്രിയപ്പെട്ടവരേ, ഈ ഒരു നിമിഷത്തേക്ക് വേണ്ടി നാം ഒരുങ്ങിയിട്ടുണ്ടോ?

മനുഷ്യന്റെ ഈ ദുനിയാവിലെ ജീവിതം ഇതോടുകൂടി അവസാനിക്കുകയാണ്. ഉടുത്തിരുന്ന വസ്ത്രങ്ങൾ അഴിച്ചുമാറ്റി കുളിപ്പിച്ച് മൂന്ന് കഷ്ണം വെള്ളത്തുണികൊണ്ട് പുതപ്പിച്ച് അവിടെ തടിച്ചുകൂടിയവർക്ക് അവസാനമായി ഒരുനോക്ക് കാണുവാൻ വേണ്ടി നമ്മെ വീടിന്റെ ഹാളിൽ കൊണ്ടുവന്ന് കിടത്തും. അവിടെ നമുക്ക് ചുറ്റും നമ്മുടെ ഉറ്റവരും ഉടയവരും ഉണ്ടാകും. നാട്ടുകാരും കുടുംബക്കാരും എന്നുവേണ്ടാ നമ്മെ പരിചയമുള്ള, നമ്മളുമായി സഹവസിച്ചിട്ടുള്ള പലരും അവിടെയുണ്ടാകും. തേങ്ങുന്ന മനസ്സോടെ നമ്മെ ഒന്ന് നോക്കി, മുറിഞ്ഞുപോകുന്ന വാക്കുകളോടെ നമ്മുടെ കുടുംബത്തെ ഒന്ന് ആശ്വസിപ്പിച്ചുകൊണ്ട് വന്നവരെല്ലാം മാറിനിൽക്കും. കുറച്ചുകഴിയുമ്പോൾ അധികാരപ്പെട്ട ആരെങ്കിലും ചോദിക്കും 'കൊണ്ടുപോകാൻ സമയമായില്ലേ' എന്ന്. താൻ ലക്ഷങ്ങളും കോടികളും മുടക്കി പടുത്തുയർത്തിയ തന്റെ മണിമാളിക, സ്വരുക്കൂട്ടിയ സമ്പത്ത്, ദുനിയാവിലെ മറ്റു വിഭവങ്ങൾ എല്ലാം വിട്ടേച്ചുപോകുകയാണ്.

നമ്മെ പത്തുമാസം ചുമന്ന് നൊന്തുപ്രസവിച്ച ഉമ്മയുണ്ടാകും അവിടെ. ഏത് വിഷമാവസ്ഥയിലും താങ്ങും തണലുമായി ഉണ്ടായിരുന്ന ഭാര്യയുണ്ടാകും അവിടെ. ജീവനുതുല്യം സ്നേഹിച്ച മക്കളുണ്ടാകും അവിടെ. അവരാരും പറയില്ല 'എന്റെ മകനെ,' 'എന്റെ ഭർത്താവിനെ,' 'എന്റെ ഉപ്പയെ' കൊണ്ടുപോകല്ലേ എന്ന്. മയ്യിത്തു കട്ടിലിൽ നാലോ ആറോ ആളുകളുടെ ചുമലിലായി നമ്മൾ പോകുന്നതും നോക്കി പൊട്ടിക്കരഞ്ഞ്, നിസ്സഹായതയോടെ നോക്കിനിൽക്കാനല്ലാതെ അവർക്കാർക്കും യാതൊന്നും ചെയ്യാൻ കഴിയില്ല. അങ്ങനെ പള്ളിയിലെത്തി നമസ്കാരം കഴിഞ്ഞാൽ ആറടി മണ്ണിലേക്ക് ഇറക്കിവെക്കും. മണ്ണിട്ടു മൂടും. തസ്ബീത്ത് ചൊല്ലൽ മതിയാക്കി ഓരോരുത്തരം മടങ്ങും. ഏറ്റവും അവസാനം സ്വന്തക്കാരും തിരിച്ചുപോകും. ഒരു ഉപ്പയും ചിന്തിക്കില്ല എന്റെ മകൻ തനിച്ചേയുള്ളൂ, അവന് പേടിയാകും എന്ന്. ഒരു മകനും പറയില്ല, എന്റെ ഉപ്പാക്ക് ഞാൻ കൂട്ടിരിക്കാം എന്ന്. നമ്മൾ അവിടെ തനിച്ചാണ്. ആലോചിക്കുക; ഈ ഒരു നിമിഷത്തേക്ക് വേണ്ടി നാം ഒരുങ്ങിയിട്ടുണ്ടോ?

തെറ്റുകളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങണമെന്നും ഒരുപാട് സൽകർമങ്ങൾ ചെയ്യണമെന്നും ആഗ്രഹിക്കുകയും എന്നാൽ, ഇനിയും സമയമുണ്ടല്ലോ, പിന്നീട് ഞാൻ ചെയ്തോളാം എന്നു കരുതി അതെല്ലാം നീട്ടിവെക്കുന്നവരുമായ മനുഷ്യരുണ്ട്.

കഷ്ടം തന്നെ! മരിക്കാൻ ഇഷ്ടമില്ല, സൽകർമങ്ങൾ ചെയ്യാനും ഒരുക്കമല്ല. അല്ലാഹുവിന്നായുള്ള കർമങ്ങൾ പിന്നേക്കു വെക്കുന്ന മനുഷ്യൻ ദുനിയാവിന്റെ ഒരു പ്രവൃത്തിയും മാറ്റിവെക്കുന്നതേയില്ല. മുഴുവൻ മനുഷ്യർക്കും അല്ലാഹു നിർണയിച്ച് തന്നിട്ടുള്ള ആ ഉറപ്പുള്ള നിമിഷത്തിൽനിന്ന് അശ്രദ്ധമായി ജീവിക്കാൻ നമുക്ക് എങ്ങനെയാണ് കഴിയുന്നത്?

മഹാനായ സ്വഹാബിവര്യൻ അംറുബ്നുൽ ആസ്(റ) മരണാസന്നനായ വെളിയിൽ അദ്ദേഹത്തോട് മകൻ ചോദിച്ചു: 'പിതാവേ, താങ്കൾക്ക് ഇപ്പോൾ എങ്ങനെയുണ്ട്?' അദ്ദേഹം പറഞ്ഞു: 'മരണത്തെ വിശദീകരിക്കാനാകില്ല മോനേ. എന്റെ കഴുത്തിൽ റദ്‌വാ പർവതത്തിന്റെ ഭാരമനുഭവപ്പെടുന്നു. എന്റെ വയറിനുള്ളിൽ മുൾമുനകളുടെ വേദന തിങ്ങിനിറയുന്നു. ഇടുങ്ങിയ സൂചിക്കുഴയിലൂടെയെന്നപോലെ എന്റെ ആത്മാവ് പുറത്തേക്ക് പോകുന്നു...'

വിശദീകരണങ്ങളുടെയോ തർക്കത്തിന്റേയോ ആവശ്യമില്ലാത്ത വസ്തുതകളിലൊന്നാണ് മനുഷ്യൻ തന്റെ ജീവിതത്തിൽ മരണത്തെക്കാൾ മറ്റൊന്നിനെയും ഭയപ്പെടുന്നില്ല എന്നത്. 'മരണം' എന്ന വാക്കിനെ പോലും എല്ലാവരും വെറുക്കുന്നു. തങ്ങളും തങ്ങളുടെ പ്രിയപ്പെട്ടവരും തമ്മിലുള്ള

സത്യത്തിൽ, മരണം നമ്മുടെ നടവഴിയിൽ തന്നെയുണ്ട്. അത് നമ്മെ കണ്ടുമുട്ടുവാനുള്ള സമയത്തിനായി കാത്തുനിൽക്കുകയാണ്. അതായത്, ആകാശഭൂമികളുടെ നാഥൻ നിശ്ചയിച്ചു നൽകിയ ആ സമയത്തിന് വേണ്ടി! ജീവിതത്തിലെ ഏതു നിമിഷത്തിലും അനുവാദം ചോദിക്കാതെ കടന്നുവരുന്ന ഒരു അതിഥിയാണ് മരണം. അത് എപ്പോൾ വരുമെന്നോ എങ്ങനെ വരുമെന്നോ ഒരാൾക്കും നിർണയിച്ച് പറയാൻ കഴിയില്ല. ചിന്തിക്കുക, നാം ആ ഒരു നിമിഷത്തിനു വേണ്ടി ഒരുങ്ങിയിട്ടുണ്ടോ എന്ന്.

വേർപിരിയലായാണ് പലരും മരണത്തെ കാണുന്നത്. അതിനുശേഷം ഇവിടെ ഒരു പുനഃസമാഗമമില്ല. മരണം എല്ലായ്പ്പോഴും ഒരു കയ്പ്പേറിയ തിരിച്ചറിവാണ്. ഒരു വലിയ ഓർമപ്പെടുത്തലും ആവർത്തിച്ചുള്ള ഭയാനകമായ ചിന്തയുമാണ് മരണം. അതുകൊണ്ടുതന്നെ മരണവഴിയിൽനിന്ന് മാറി നടക്കാനാണ് നാം ശ്രമിക്കുന്നത്. അതിനെക്കുറിച്ചുള്ള ഓർമയിൽനിന്നു പോലും ഓടിയൊളിക്കുകയാണ് നാം. മരണത്തെ നാം മറന്നാൽ മരണം നമ്മെയും മറക്കും എന്ന വ്യാമോഹത്തിലാണ് എല്ലാവരും. മരണത്തെ മറന്നും അവഗണിച്ചും ജീവിച്ചാൽ അല്ലാഹു നമുക്കായി നിശ്ചയിച്ചു വച്ചിട്ടുള്ള മരണസമയത്തിൽനിന്നും നാം രക്ഷപ്പെടുമോ? സത്യത്തിൽ, മരണം നമ്മുടെ നടവഴിയിൽ തന്നെയുണ്ട്. അത് നമ്മെ കണ്ടുമുട്ടുവാനുള്ള സമയത്തിനായി കാത്തുനിൽക്കുകയാണ്. അതായത്, ആകാശഭൂമികളുടെ നാഥൻ നിശ്ചയിച്ചു നൽകിയ ആ സമയത്തിന് വേണ്ടി! ജീവിതത്തിലെ ഏതു നിമിഷത്തിലും അനുവാദം ചോദിക്കാതെ കടന്നുവരുന്ന ഒരു അതിഥിയാണ് മരണം. അത് എപ്പോൾ വരുമെന്നോ എങ്ങനെ വരുമെന്നോ ഒരാൾക്കും നിർണയിച്ച് പറയാൻ കഴിയില്ല. ചിന്തിക്കുക, നാം ആ ഒരു നിമിഷത്തിനു വേണ്ടി ഒരുങ്ങിയിട്ടുണ്ടോ എന്ന്.

ശ്രദ്ധയും അതീവ ജാഗ്രതയും വേണ്ട നിമിഷമാണത്. മരണവെപ്രാളത്തിലെത്തിയാൽ മനുഷ്യൻ ചിന്തിച്ചുപോകാൻ സാധ്യതയുള്ള ചില വേവലാതികളുണ്ട്: അല്ലാഹുവേ ഈ ആയുസ്സ് അവസാനിച്ചുവെന്നോ? ഈ ജീവിതമുപേക്ഷിച്ച് ഞാനിതാ പോകുന്നുവെന്നോ? പിന്നേക്കുവച്ച ഒന്നിനെയും പ്രാപിക്കാനാകാത്ത വിധം അവസരങ്ങളെല്ലാം നിലച്ചുപോയെന്നോ? കുടുംബവും സമ്പത്തും ഇനി എന്തായിത്തീരും? മക്കൾക്കും സമ്പത്തിനുമൊക്കെ ഇനി എന്തു സംഭവിക്കും? ഉദ്യോഗങ്ങളും ഉത്തരവാദിത്തങ്ങളും ഇനി എങ്ങനെയായിത്തീരും? പശ്ചാത്തപിക്കാനും സൽപ്രവൃത്തികൾ ചെയ്യാനും ഇതുവരേയും ഞാൻ സമയം കാത്തിരിക്കുകയായിരുന്നു. ക്വുർആൻ പഠിക്കാനും പാരായണം ചെയ്യാനും അവസരങ്ങൾ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അല്ലാഹുവിന് ധാരാളം ദിക്റുകൾ ചൊല്ലാനുള്ള സാഹചര്യത്തിനായി നോക്കിയിരിക്കുകയായിരുന്നു. സത്യമായും യാത്രയ്ക്കുള്ള സമയമായെന്നോ?

മരണം വന്നെത്തുന്നതിന് മുമ്പേ വേണ്ടതായിരുന്നു ഈ ചിന്തകളെല്ലാം. നല്ലവണ്ണം സൽകർമങ്ങളിൽ അധ്വാനിച്ചവൻ ഖേദിക്കുന്നത്, ഇതിലും കൂടുതൽ സമ്പാദിക്കാൻ കഴിയാതെപോയല്ലൊ എന്നായിരിക്കും. സൽകർമങ്ങളിൽ വീഴ്ചകൾ വരുത്തിയവൻ ഖേദിക്കുന്നത്, മുമ്പേ ഞാനിതിനു വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തിയിരുന്നില്ലല്ലൊ എന്നാകും. അതെ, ഖേദത്തിന്റെ നിമിഷമാണത്.

*(അവസാനിച്ചില്ല)*

മുജീബ് ഒട്ടുമ്മൽ
: 97444 31890



വ്യത്യസ്ത മതവിഭാഗങ്ങളെ ഉൾക്കൊള്ളാനും അവരുടെ ന്യായമായ ആചാരാനുഷ്ഠാനവകാശങ്ങളെ വകവെച്ചു കൊടുക്കാനും തയ്യാറാവുമ്പോഴാണ് ഏതൊരു മതനിരപേക്ഷ രാജ്യവും അതിന്റെ ഭരണഘടനയും മഹത്തരമാകുന്നത്. ഭരണഘടനാശിൽപികൾ സ്വപ്നം കണ്ട ഇന്ത്യയെ തന്നെയാണോ ഇന്നത്തെ ഭരണാധികാരികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്? അല്ലെന്നുള്ളതിന്റെ മികച്ച ഉത്തരമാണ് വഖ്ഫ് നിയമ ഭേദഗതി ബിൽ.

# വക്വ്ഫ് നിയമ ഭേദഗതിയും ജെപിസിയും: സംഘ്പരിവാർ ലക്ഷ്യം വെക്കുന്നത്

ഇരുരാജ്യങ്ങളുടെയും അധീനതയിലുള്ള പ്രദേശങ്ങളിൽ മതവിശ്വാസങ്ങൾക്ക് അതീതമായി ന്യൂനപക്ഷങ്ങൾക്ക് പൗരത്വത്തിലുള്ള സമത്വവും സമ്പത്തിനും സംസ്കാരത്തിനും സുരക്ഷയും സ്വാതന്ത്ര്യവും ആരാധനാ അവകാശവും ഉറപ്പുനൽകുന്നു.'

1950 ഏപ്രിൽ എട്ടിന് ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും പാക്ക് പ്രധാനമന്ത്രി ലിയാഖത്തലി ഖാനും ഡൽഹിയിൽ ഒപ്പുവെച്ച നെഹ്റു-ലിയാഖത്ത് കരാറിലെ ഒരു വ്യവസ്ഥയാണ് നാം മുകളിൽ വായിച്ചത്. വിഭജനത്തിനുശേഷം ഇരുരാജ്യങ്ങളിലെയും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഉറപ്പുവരുത്താനായി നടത്തിയ ആറു ദിവസത്തെ ചർച്ചകൾക്കു ശേഷമാണ് ഈ ഉടമ്പടി തന്നെ രൂപപ്പെടുത്തിയത്.

ഇത്തരം ഉടമ്പടികളെയും ഇന്ത്യയുടെ മഹത്തായ ഭരണഘടനയെയും അതിന്റെ ഉള്ളടക്കങ്ങളെയും നിരാകരിച്ചുകൊണ്ടാണ് സംഘപരിവാരങ്ങൾ ഇപ്പോൾ വക്ഫ്   നിയമത്തിനെതിരെ രംഗത്തുവന്നിരിക്കുന്നത്. ഇന്ത്യയിലെ മുസ്ലിംകളുടെ ആരാധനാ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് വക്ഫ്   നിയമം ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നത്. അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗത്തിലൂടെ തന്റെ ധനവും സമ്പത്തും സ്ഥലവും വസ്തുവും ദാനമായി നൽകാനുള്ള ആരാധനാസ്വാതന്ത്ര്യത്തെയാണ് ഇതിലൂ



ടെ ചോദ്യം ചെയ്തിരിക്കുന്നത്. മതം അനുശാസിക്കുന്ന വിധം ഒരു കർമം നിർവഹിക്കാൻ സാധിക്കാതെ വന്നാൽ മൗലികാവകാശ ലംഘനമായിരിക്കുമത്.

മതനിരപേക്ഷ സഖ്യം ജനാധിപത്യ മാർഗത്തിൽ ഇതിനെതിരെ രംഗത്തു വന്നെങ്കിലും ബില്ല് പരിപൂർണമായി പിൻവലിക്കുന്നതിന് പകരം ഈ വിഷയം സംയുക്ത സഭാസമിതിയെ (ജെപിസി) ഏൽപിക്കാനാണ് തീരുമാനിച്ചത്.

വഖ്ഫ് ഭേദഗതി ബില്ല് പരിശോധിക്കാൻ ഏൽപിക്കപ്പെട്ട ജെപിസി പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പുകളെയും വിയോജിപ്പിനെയും അവഗണിച്ച് ഭേദഗതി അങ്ങനെ തന്നെ അംഗീകരിച്ച് കൊണ്ടുള്ള റിപ്പോർട്ടാണ് സ്പീകർക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്. ജെപിസിയിലെ 27 അംഗങ്ങളിൽ 11 പേരും വിയോജിപ്പ് പ്രകടിപ്പിക്കുകയും എതിരായി വോട്ട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭരണപക്ഷം നിർദേശിച്ച ഭേദഗതികൾ അങ്ങനെ തന്നെ അംഗീകരിക്കുക വഴി പാർലമെന്റ് സംയുക്ത സഭാസമിതിയുടെ റിപ്പോർട്ടിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ജെപിസി ചെയർമാൻ ജഗദാംബിക പാലിന്റെ അനാവശ്യമായ ധൃതിയും സമീപനങ്ങളും പൗരാവകാശമായ മുസ്‌ലിംകളുടെ ആരാധനാസ്വാതന്ത്ര്യത്തെ ഹനിച്ച് കളയാനുള്ള ശ്രമമാണെന്ന് ബോധ്യപ്പെടും. ബില്ലിനെതിരെയും ജെപിസി റിപ്പോർട്ടിനെതിരെയും സുപ്രീം കോടതിയെ സമീപിക്കാനുള്ള തീരുമാനത്തിലാണെന്ന് എ. രാജയും രാജ്യസഭാ എം പിയായ എംഎം അബ്ദുല്ലയും പ്രഖ്യാപിച്ചിട്ടുണ്ട്. 65 പേജുള്ള റിപ്പോർട്ട് വളരെ കുറഞ്ഞ സമയത്തിനുള്ളിലാണ് പ്രതിപക്ഷാംഗങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ആ നിമിഷം തന്നെ പ്രതിപക്ഷം ശക്തമായ പ്രതിഷേധവും വിയോജിപ്പും അറിയിച്ചിട്ടുണ്ടായിരുന്നു. വിയോജനക്കുറിപ്പ് നൽകിയവരിൽ ഡിഎംകെയിൽനിന്നുള്ള എ. രാജയും തൃണമൂൽ കോൺഗ്രസിൽനിന്നുള്ള കല്യാൺ ബാനർജിയും ഉണ്ടായിരുന്നുവെന്നത് വഖ്ഫ് ഭേദഗതി ബില്ലിനെതിരെയാണ് ഇന്ത്യയുടെ മതനിരപേക്ഷ മനസ്സുകൾ എന്നതും നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇനി ബജറ്റ് സമ്മേളനത്തിൽ ജെപിസി ശുപാർശകൾ കൂടി ഉൾപ്പെടുത്തി ബിൽ പാസാക്കാനാണ് ബിജെപി തീരുമാനിച്ചിരിക്കുന്നത്.

### വഖ്ഫ് ഭേദഗതിയിലെ രാഷ്ട്രീയം

1946 ഡിസംബറിൽ ഭരണഘടനാ നിർമാണത്തിന്റെ ആദ്യദിനങ്ങളിൽ തന്നെ തങ്ങൾ നിർമിക്കാൻ പോകുന്ന ഡ്രാഫ്റ്റിന്റെ ആശയാടിത്തറ നെഹ്റു ഇങ്ങനെ വ്യക്തമാക്കുന്നു: ‘പൗരൻമാർക്ക് രാഷ്ട്രീയമായും സാമൂഹികമായും സാമ്പത്തികമായും തുല്യ പദവി ഉറപ്പാക്കുന്ന പരമാധികാര റിപ്പബ്ലിക്കായിരിക്കും ഇന്ത്യ. ചിന്തക്കും ആവിഷ്കാരത്തിനും കൂട്ടായ്മക്കും ആരാധനയ്ക്കും ജോലിക്കുമുള്ള സ്വാതന്ത്ര്യം തുല്യമായിരിക്കും. എന്നു മാത്രമല്ല, ന്യൂനപക്ഷങ്ങൾക്കും പിന്നാക്ക ഗോത്രവിഭാഗങ്ങൾക്കും മതിയായ പരിരക്ഷ ഉറപ്പ് നൽകും.’

ഇന്ത്യയുടെ മഹത്തായ പൈതൃകത്തെയും ഭരണഘടനയെ

> വക്ഫ് ഭേദഗതി ബില്ല് പരിശോധിക്കാൻ ഏൽപിക്കപ്പെട്ട ജെപിസി പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പുകളെയും വിയോജിപ്പിനെയും അവഗണിച്ച് ഭേദഗതി അങ്ങനെ തന്നെ അംഗീകരിച്ച് കൊണ്ടുള്ള റിപ്പോർട്ടാണ് സ്പീകർക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്. ജെപിസിയിലെ 27 അംഗങ്ങളിൽ 11 പേരും വിയോജിപ്പ് പ്രകടിപ്പിക്കുകയും എതിരായി വോട്ട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭരണപക്ഷം നിർദേശിച്ച ഭേദഗതികൾ അങ്ങനെ തന്നെ അംഗീകരിക്കുക വഴി പാർലമെന്റ് സംയുക്ത സഭാസമിതിയുടെ റിപ്പോർട്ടിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ജെപിസി ചെയർമാൻ ജഗാംബിക പാലിന്റെ അനാവശ്യമായ ധൃതിയും സമീപനങ്ങളും പൗരാവകാശമായ മുസ്‌ലിംകളുടെ ആരാധനാസ്വാതന്ത്ര്യത്തെ ഹനിച്ച് കളയാനുള്ള ശ്രമമാണെന്ന് ബോധ്യപ്പെടും.

യും ആരാധനാ സ്വാതന്ത്ര്യത്തെയും മാനിച്ചുകൊണ്ടാണ് ആരാധനാലയങ്ങൾക്ക് പരിരക്ഷ നൽകാനും ആചാരാനുഷ്ഠാനങ്ങൾക്ക് സൗകര്യമൊരുക്കാനും അധികാരികൾ തയ്യാറാകുന്നത്. അതിനുവേണ്ടിയാണ് വക്ഫ് ബോർഡ്, ദേവസ്വം ബോർഡ്, മലങ്കര സഭാനിയമങ്ങൾ എന്നിവയ്ക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകിയത്.

ഹിന്ദുമത ധർമമനുസരിച്ചാണ് ദേവസ്വം ബോർഡ് പ്രവർത്തിക്കുന്നതെങ്കിൽ മലങ്കര സഭയിലെ നിയമങ്ങൾക്കനുസരിച്ചാണ് സഭകളും പ്രവർത്തിക്കുന്നത്. ദേവസ്വം ബോർഡിലോ അതിന്റെ വിവിധങ്ങളായ സ്ഥാപനങ്ങളുടെ നടത്തിപ്പിലോ അതിന്റെ ഭരണസമിതിയിലോ ഇതര മതസ്ഥർക്ക് പ്രവേശിക്കാനോ കൈകാര്യകർതൃത്വം ഏറ്റെടുക്കാനോ ഒരു അവകാശവുമില്ല. മലങ്കര സഭയുടെ പ്രവർത്തനങ്ങളും തഥൈവ. അതേ അവകാശങ്ങൾ വക്ഫ് ബോർഡിനും നൽകുന്നതിന് സംഘപരിവാരങ്ങളും ബിജെപി ഭരണകൂടവും പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. മുസ്‌ലിം സമുദായത്തിന്റ ശക്തമായ വിയോജിപ്പും പ്രതികരണവും ഉണ്ടായിരുന്നിട്ട് പോലും വക്ഫ് നിയമം ഭേദഗതി വരുത്താൻ ഇവരെ പ്രേരിപ്പിക്കുന്നത് വിദ്വേഷവും വെറുപ്പും മാത്രമാണ്.

ഭൂരിപക്ഷ മത-സമുദായ- വർഗങ്ങളുടെ സംസ്കാരം പൊതുസമൂഹത്തിന്മേൽ ആധിപത്യം നേടുകയോ അവരുടെ മേൽ അടിച്ചേൽപിക്കുകയോ ചെയ്യുന്ന രീതി ജനാധിപത്യ സങ്കൽപങ്ങളുടെ ഭീകരമായ പ്രത്യേകതയാണ്. അതാണ് മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ മേൽ വ്യതൃസ്ഥ ബില്ലുകൾ കൊണ്ടുവന്ന് സംഘപരിവാരങ്ങൾ അടിച്ചേൽപിച്ചുകൊണ്ടിരിക്കുന്നത്. ആധുനിക ജനാധിപത്യ സംവിധാനത്തിൽ അടിസ്ഥാനപരമായി തന്നെ ഭൂരിപക്ഷ വാദത്തിനും അത് ഭൂരിപക്ഷാധിപത്യത്തിലേക്ക് വഴിമാറാനുമുള്ള എല്ലാ സാധ്യതകളും തെളിഞ്ഞ് വരികയാണിവിടെ. ഇതിനെ തടഞ്ഞ് നിറുത്താൻ ഭരണഘടനക്ക് സാധിക്കും. എന്നാൽ ഏതെങ്കിലും മതവിഭാഗത്തിന് പൊതുസമൂഹത്തിന്മേൽ തങ്ങളുടെ താൽപര്യങ്ങൾ അടിച്ചേൽപിക്കാനുള്ള അവസരമായി ഭരണസംവിധാനങ്ങളെ മാറ്റാൻ കഴിഞ്ഞാൽ പിന്നെ ഭരണഘടനാ മൂല്യങ്ങളോ നൈതികതത്ത്വങ്ങളോ അല്ല, ഭ്രാന്തമായ ഭൂരിപക്ഷവാദം തന്നെയാകും ഭരണഘടനയായി മാറുന്നത്. പല നിയമങ്ങളുടെയും മറപിടിച്ച് ന്യൂനപക്ഷ മത -ഭാഷാ-ജാതി വിഭാഗങ്ങളെ ഏത് നിമിഷവും ഏതർഥത്തിലും പുറംതള്ളാനുള്ള ശക്തി ഭൂരിപക്ഷാധിപത്യത്തിനുണ്ട്. അതാണ് വക്ഫ് നിയമമടക്കമുള്ള ന്യൂനപക്ഷ അവകാശത്തിന്മേൽ ഇപ്പോൾ നടപ്പിലായിക്കൊണ്ടിരിക്കുന്നത്. പാർലമെന്റിൽ മൗലികാവകാശത്തിനെതിരെ അധികാരികളുടെ ശബ്ദമുയർന്നപ്പോഴെല്ലാം ഒറ്റപ്പെട്ട പ്രതികരണങ്ങളെ പോലും മാനിച്ച് അത്തരം ധ്വംസന പ്രവർത്തനങ്ങളിൽനിന്ന് പിൻമാറാൻ അധികാരികൾ തയ്യാറായിട്ടുണ്ടെന്നുള്ളതാണ് ഇന്ത്യയുടെ ചരിത്രം. വലതുപക്ഷ രാഷ്ട്രീയ രംഗത്തുനിന്ന് പോലും അത്തരം പരിഗണനകൾ ഉണ്ടായിട്ടുണ്ട്.

1977ൽ ജനതാ പാർട്ടിയുടെ നേതാവായിരുന്ന പ്രധാനമന്ത്രി മൊറാർജി ദേശായി ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം നമ്മെ അത്തരം സമീപനങ്ങളെ ഓർമിപ്പിക്കുന്നുണ്ട്. വന്ദേമാതരം ആലാപനം നിർബന്ധമാക്കാനുള്ള വിവാദ തീരുമാനത്തിനെതിരെ അമേരിക്കയിലെ ഒരു കോടതി വിധിയിൽ പറഞ്ഞ 'വിയോജിക്കാനുള്ള അവകാശം സ്വാതന്ത്ര്യത്തിന്റെ ആത്മസത്തയാണ്' എന്ന പ്രസിദ്ധമായ ഉദ്ധരണി ലോക്സഭയിൽ മുസ്‌ലിം ലീഗ് എംപിയായിരുന്ന ജിഎം ബനാത്ത് വാല സാഹിബ് പറഞ്ഞപ്പോൾ മൊറാർജി മന്ത്രിസഭയിലെ പ്രമുഖ മന്ത്രിമാരായ എൽകെ അദ്വാനിയെയും എബി വാജ്പേയിയെയും പോലും സ്തംബ്ധരാക്കി എന്ന് അന്നത്തെ ദേശീ

യപത്രങ്ങൾ പോലും എഴുതിയിരുന്നു. അതോടെ അത്തരം തീരുമാനങ്ങളിൽനിന്ന് ഭരണകൂടത്തിന് പിന്തിരിയേണ്ടിവന്നു.

1986 കാലഘട്ടത്തിലെ ശരീഅത്ത് വിവാദത്തിൽ ബനാത്ത് വാല സാഹിബിന്റെ പാർലിമെന്റിലെ ഇടപെടൽ മുസ്‌ലിം സമുദായത്തിന് ഒരിക്കലും മറക്കാനാവാത്തതായിരുന്നു. അന്ന് പാർലിമെന്റ് അംഗീകരിച്ച 'മുസ്‌ലിം വുമൺ പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ഓൺ ഡിവേർസ് ആക്റ്റ്'' എന്ന ശരീഅത്ത് ബിൽ യഥാർഥത്തിൽ ബനാത്ത് വാല സാഹിബിന്റെ സ്വകാര്യ ബില്ലായിരുന്നു.

ഒരു പാർലിമെന്റ് അംഗത്തിന്റെ സ്വകാര്യ ബിൽ രാഷ്ട്രത്തിന്റെ നിയമമാവുന്നത് അത്യപൂർവമാണ്. ബനാത്ത് വാല സാഹിബ് കൊണ്ടുവന്ന ഈ ബിൽ രാജീവ് ഗാന്ധിയുടെ സർക്കാർ നിയമമാക്കുക വഴി ഒരു സമുദായത്തിന്റെ അഭിമാനമാണ് ഇവിടെ സംരക്ഷിക്കപ്പെട്ടത്.

ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രവും പൈതൃകവും അത്രമാത്രം അഭിമാനകരമാണ്. ഇപ്പോൾ വഖ്ഫ് ഭേദഗതി നിയമത്തിനെതിരെ ഒരു സമുദായം മാത്രമല്ല മതനിരപേക്ഷ നിരയിലെ മുഴുവൻ ജനവിഭാഗങ്ങളും ഒരേ ശബ്ദത്തിൽ മുന്നോട്ട് വന്നിട്ടും ദാർഷ്ട്യത്തോടെ നിരാകരിക്കാൻ തയ്യാറാകുന്നത് ഇന്ത്യയുടെ സംസ്കാരത്തോട് വിരോധമുള്ളതുകൊണ്ട് തന്നെയാണ്. എന്നാൽ ഇത്തരം ആളുകൾ അറിയേണ്ടത് ഇന്നുവരെയുള്ള ദേശരാഷ്ട്രങ്ങളുടെ ചരിത്രത്തിൽ ഇത്തരം ഭൂരിപക്ഷവാദങ്ങളധികവും ആഭ്യന്തരയുദ്ധത്തിലും ഏകാധിപതികളുടെ പതനത്തിലുമാണ് അവസാനിച്ചത് എന്നാണ്.

## വഖ്ഫ് നിയമ ഭേദഗതിയും അപകടങ്ങളും

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14, 15, 25, 26, 30 അനുശാസിക്കും പ്രകാരമുള്ള മൗലികാവകാശങ്ങൾ കണക്കിലെടുത്ത് വഖ്ഫ് എന്റോവ്മെന്റുകളെയും വഖ്ഫ് സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിന്റ രൂപം ഉറപ്പ് വരുത്തിക്കൊണ്ടാണ് സർക്കാർ വഖ്ഫ് നിയമം രൂപീകരിക്കേണ്ടത്. നാളിതുവരെ ഉണ്ടായിട്ടുള്ള നിയമങ്ങളെല്ലാം ഈ സംരക്ഷണം ഉറപ്പ് വരുത്തിയിട്ടുണ്ട്.

ഇസ്‌ലാം മത നിയമ പ്രകാരം 'വഖ്ഫ്' എന്നത് അല്ലാഹുവിലേക്ക് ദാനം ചെയ്യുന്ന സ്വത്താണ് എന്നതിനാൽ അല്ലാഹുവാണ് വഖ്ഫ് സ്വത്തുക്കളുടെ ഉടമസ്ഥൻ. നിലവിലുണ്ടായിരുന്ന വഖ്ഫ് നിയമപ്രകാരം സംസ്ഥാന സർക്കാരുകൾക്കും അതാത് ബോർഡുകൾക്കും അധികാരാവകാശങ്ങളുണ്ടായിരുന്നു. എന്നാൽ ഈ സംരക്ഷണാവകാശത്തിലേക്ക് കൈകടത്താൻ വേണ്ടിയാണ് കേന്ദ്ര സർക്കാർ പല വകുപ്പുകളിലും ഭേദഗതി നിർദേശിച്ചിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായാണ് വഖ്ഫ് നിയമത്തിന്റ അടിസ്ഥാനതത്ത്വവും ലക്ഷ്യവും മാറ്റി നിറുത്താനുള്ള ഭേദഗതി കൊണ്ടുവരുന്നത്. അതിന്റെ പോരായ്മകളും അപകടങ്ങളും അടുത്തറിഞ്ഞ് ജനാധിപത്യ മാർഗത്തിലൂടെ പ്രതിരോധം തീർക്കേണ്ടത് ഈ രാജ്യത്തോടുള്ള ഏറ്റവും വലിയ കടപ്പാടാണ്. രാഷ്ട്ര പുരോഗതിയിൽ ഇടപെടുന്ന പോലെ തന്നെ മൗലികാവകാശധ്വംസനങ്ങൾക്ക് നേരെ ശക്തമായ ശബ്ദമുയരേണ്ടതുണ്ട്.

നിലവിലെ നിയമങ്ങളെ ഭേദഗതി ചെയ്യുന്നതിലൂടെ സംഭവിക്കാനിരിക്കുന്ന ചില അപകടങ്ങളെ ഓർമപ്പെടുത്തുകയാണിവിടെ:

*മുതവല്ലി നിയമനം:* വാക്കാലോ ആധാരപ്രകാരമോ നിയമിച്ചിട്ടുള്ള വ്യക്തിയാണ് മുതവല്ലിയായി നിയമതിനാവുന്നത്. എന്നാൽ ഭേദഗതി പ്രകാരം ആധാരത്തിലൂടെ നിയമിച്ചിട്ടുള്ള വ്യക്തിക്ക് മാത്രമെ അതിനർഹതയുള്ളൂ. ഇസ്‌ലാമിക നിയമ പ്രകാരം വാക്കാൽ നിയമിതമായ മുതവല്ലിയെ മാറ്റാൻ ഭേദഗതി നിർദേശിക്കുന്നു. വഖ്ഫിനെ ശക്തമായി ബാധിക്കുന്നതാണിത്.

സെക്ഷൻ 3ൽ (Ka) എന്ന ഒരു ഉപവകുപ്പ് ചേർത്തുകയെന്നതാണ് പുതിയ ഭേദഗതിയിലെ നിർദേശം. അതോടെ കേന്ദ്ര സർക്കാർ വഖ്ഫുകളുടെ റജിസ്ട്രേഷൻ, അക്കൗണ്ട് ഓഡിറ്റ്, കാലകാലങ്ങളിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ എല്ലാം സർക്കാർ പറയുന്ന പോർട്ടൽ, ഡാറ്റാബേസ് എന്നിവയിൽ ചേർക്കപ്പെടും. അതോടെ മുഴുവൻ ഡാറ്റകളും കേന്ദ്ര സർക്കാറിന്റെ കയ്യിലേക്ക് വരികയും നിയന്ത്രണം അവരേറ്റെടുക്കുകയും ചെയ്യും.

*വഖ്ഫ് ചെയ്യാനുള്ള അർഹത:* ഏതൊരു വ്യക്തിക്കും ശാശ്വത സമർപ്പണത്തിലൂടെ മുസ്‌ലിം വ്യക്തിനിയമം അംഗീകരിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി വഖ്ഫ് ചെയ്യാവുന്നതാണ്.

എന്നാൽ ഭേദഗതി നിർദേശ പ്രകാരം 5 വർഷം ഇസ്‌ലാമിക ചര്യയിൽ ജീവിച്ചയാൾക്ക് മാത്രമെ വഖ്ഫ് ചെയ്യാൻ സാധിക്കുകയുള്ളൂ. വാകിഫിന് കാല പരിധി നിർണയിക്കുന്നതിലൂടെ വ്യക്തിസ്വാതന്ത്ര്യത്തെ തകർക്കുകയാണ് ഇവർ.

ഒരു വസ്തു ഉപയോഗം

കൊണ്ട് വക്ഫ് ആവുകയെന്നത് വിശദീകരിക്കുന്ന വകുപ്പ് എടുത്തുകളഞ്ഞതിലൂടെ പിടിച്ചടക്കാനുള്ള പഴുതുകൾ ഉണ്ടാക്കുകയാണെന്നും മനസ്സിലാക്കാം. പുരാതന പള്ളികളും ഖബർസ്ഥാനുകളും എളുപ്പത്തിൽ പിടിച്ചടക്കാനാകും.

വക്ഫ് അലൽ ഔലാദുകളിൽ പിന്തുടർച്ചാവകാശികളില്ലാതെ വരുന്ന ഘട്ടത്തിൽ അതിൽനിന്നുള്ള വരുമാനം വിദ്യാഭ്യാസം, പുരോഗതി, ക്ഷേമകാര്യങ്ങൾ എന്നിവയ്ക്കും മുസ്‌ലിം നിയമം അംഗീകരിച്ച മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. എന്നാൽ അതിൽ വരുത്തിയിട്ടുള്ള ഭേദഗതി നിർദേശപ്രകാരം കേന്ദ്ര സർക്കാർ നിർദേശിക്കുന്ന രീതിയിൽ വിധവകൾക്കും വിവാഹമോചിതകൾക്കും അനാഥർക്കും ചെലവിന് നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ ഗുണകാംക്ഷികൾ മുസ്‌ലിംകൾ ആയിരിക്കണമെന്ന് പറഞ്ഞിട്ടില്ല. പ്രാദേശിക തല അന്വേഷണം നടത്തി തീരുമാനമെടുക്കുന്നതിന് വക്ഫ് ബോർഡിന് അധികാരം ഉണ്ടായിരിക്കും.

വക്ഫ് അലൽ ഔലാദ് വിഷയത്തിൽ പുതിയ ഒരു വകുപ്പ് ചേർത്തുവെച്ചിട്ടുണ്ട്. വക്ഫ് അലൽ ഔലാദ് രൂപീകരിച്ചാൽ അനന്തരാവകാശികൾക്ക് സ്വത്ത് നഷ്ടപ്പെടുന്ന രീതിയിലാകരുതെന്ന് കാണുന്നു. എന്നാൽ മുസ്‌ലിം വ്യക്തി നിയമ പ്രകാരം ഒരു മനുഷ്യൻ മരിച്ചതിന് ശേഷം മാത്രമെ അയാളുടെ സ്വത്തിൽ അവകാശികൾക്ക് അവകാശം ലഭിക്കുകയുള്ളൂ. ജീവിച്ചിരിക്കുമ്പോൾ അയാളുടെ സ്വത്ത് വക്ഫ് ചെയ്യാവുന്നതാണ്. അങ്ങനെ വക്ഫ് ചെയ്യുന്ന വസ്തു അവകാശികൾ അയാളുടെ മരണശേഷം തിരികെ ആവശ്യപ്പെട്ടാൽ നൽകേണ്ടി വരുമെന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ ശരിയല്ലാത്തതാണ്.



ആറ് മാസത്തിനുള്ളിൽ വക്ഫിന്റെ മുഴുവൻ വിവരങ്ങളും കേന്ദ്ര സർക്കാർ നിർദേശിക്കുന്ന ഡാറ്റാബേസിൽ ചേർക്കണമെന്ന നിർദേശമടങ്ങിയ പുതിയ ഒരു വകുപ്പും ഉൾച്ചേർത്തിട്ടുണ്ട്. നിലവിൽ ഈ വിവരങ്ങളെല്ലാം സംസ്ഥാന സർക്കാർ നിർദേശിക്കുന്ന റജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ച് വരുന്നതാണ്. അതിൽ കേന്ദ്രസർക്കാരിന്റെ കൈകടത്തലിന്റെ ഉദ്ദേശ്യം എന്താണെന്നതിൽ വ്യക്തതയില്ല.

സർക്കാർ വസ്തു വക്ഫ് വസ്തുവായി കണ്ടെത്തിയാൽ അത് വക്ഫ് അല്ലാതെയാകുമെന്നും ഇത് സമ്പന്ധിച്ച് തർക്കം വന്നാൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം കളക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇതും പുതുതായി കൂട്ടിച്ചേർത്ത ഒരു വകുപ്പാണ്.

അതാത് സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമായിട്ടുള്ള സർക്കാർ വസ്തു സർക്കാർതന്നെ വക്ഫുകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന ഈ വകുപ്പും നിഷ്കളങ്കമല്ല.

വക്ഫ് വസ്തുക്കളുടെ സർവെ നടത്തേണ്ടത് സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന സർവെ കമ്മീഷണറാണെന്നാണ് നിലവിലെ നിയമം. 1954ൽ വക്ഫ് നിയമം വന്നത് മുതൽ സർവെ കമ്മീഷണറെ നിയമിച്ച്, അദ്ദേഹത്തിന്റെ കീഴിലെ സർവേയർമാരെ നിയോഗിച്ച് വക്ഫ് സർവെ പൂർത്തീകരിച്ചതിന്റെ ഭാഗമായി 4000 ലേറെ വക്ഫുകൾ റജിസ്റ്റർ ചെയ്തിരുന്നു. സംസ്ഥാന സർക്കാർ സർവേ കമ്മീഷണർമാരെയും ജോയിന്റ് സർവേ കമ്മീഷണർമാരെയും നിയമിച്ച് നടപടി സ്വീകരിച്ച് വരുന്ന സാഹചര്യത്തിലാണിപ്പോൾ ഭേദഗതി ബില്ല് കൊണ്ടുവന്നിരിക്കുന്നത്. അതാത് ജില്ലാകലക്ടർമാർക്ക് ചുമതല നൽകിക്കൊണ്ടാണ് ഭേദഗതി നിർദേശിച്ചിട്ടുള്ളത്. അഡ്മിനിസ്ട്രേഷന്റെ അധികഭാരത്തോടുകൂടി ജോലി ചെയ്യുന്ന കലക്ടർമാരുടെ തിരക്കിൽ സർവേയുടെ ലക്ഷ്യം കാണാതെ പോകുമെന്ന കാര്യത്തിൽ സംശയമില്ല.

വക്ഫ് വസ്തുക്കളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന രീതിയിലായിരിക്കുമെന്നത് അതിന്റെ പോക്കുവരവ് ചെയ്യുന്നതിന് മുമ്പ് പത്രപരസ്യം നൽകണമെന്ന ഭേദഗതി നിർദേശം തർക്കങ്ങൾ ക്ഷണിച്ചുവരുത്തുന്നതാണ്.

വക്ഫ് കൗൺസിലിൽ അമുസ്‌ലിംകൾ: നിലവിലെ വകുപ്പ് 9 പ്രകാരമുള്ള സെൻട്രൽ വക്ഫ് കൗൺസിലിന്റെ ഘടനമാറ്റി കൗൺസിലിൽ അമുസ്‌ലിംകൾക്ക് അംഗത്വം ലഭിക്കുന്ന രീതിയിലാണ് ഭേദഗതി ചെയ്തിട്ടുള്ളത്.

നിലവിലുള്ള വക്ഫ് നിയമത്തിൽ ബോർഡിലെ ഒരു മുസ്‌ലിം മെമ്പർ അമുസ്‌ലിമായാൽ ബോർഡ് അംഗത്വത്തിൽ നിന്നും അയോഗ്യത കൽപിച്ച് മാറ്റി നിർത്താവുന്നതാണ്. എന്നാൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി നോമിനേറ്റഡ് അംഗങ്ങൾ മാത്രമുള്ള ബോർഡ് എന്ന രീതിയിലേക്ക് മാറ്റിക്കൊണ്ട് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുപോലെ രണ്ട് അമുസ്‌ലിംകൾ മെമ്പർമാരിൽ ഉണ്ടാകണമെന്ന് കൂടി വ്യവസ്ഥയിൽ പരാമർശിക്കുന്നു. അതോടെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കേവലം മുതവല്ലി പ്രതിനിധിയായ ഒരാളും മുസ്‌ലിം സ്കോളർ ആയിട്ടുള്ള ഒരാളും ഒഴികെ ഏതൊരു ബോർഡംഗവും അമുസ്‌ലിമാകാമെന്ന രൂപത്തിൽ വകുപ്പിനെ പരിമിതപ്പെടുത്തിയത് മുസ്‌ലിം വക്ഫ് സംരക്ഷണം ഇല്ലാതാക്കുന്നതിനും വക്ഫ് വസ്തുക്കൾ അന്യാധീനപ്പെടുത്തുന്നതിനുള്ള ഗൂഢ ശ്രമമായി കാണേണ്ടിവരും. മദ്റസ, ഖബ്ർസ്ഥാൻ, പള്ളി, അതാത് പ്രദേശത്തെ മുസ്‌ലിം ജനവിഭാഗങ്ങളുടെ കാര്യങ്ങൾ, പള്ളി ഭരിക്കുന്നവരെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ... ഇവയുടെയെല്ലാം സൂപ്പർവൈസറി ബോർഡ് പൂർണമായും ഇസ്‌ലാം മതത്തിലെ മെമ്പർമാരും ചെയർമാനും ആയിരിക്കുകയാണ് വേണ്ടത്. അനിവാര്യമായ ഇത്തരം മാനദണ്ഡങ്ങളെ അട്ടിമറിക്കുന്നതോടുകൂടി വക്ഫിന്റെ പവിത്രത നഷ്ടപ്പെടുകയും ഈ സംവിധാനം തന്നെ തകർക്കപ്പെടുകയും ചെയ്യും.

ചെയർമാനെ ഭൂരിപക്ഷ ബോർഡംഗങ്ങൾ തെരഞ്ഞെടുക്കുന്ന വ്യവസ്ഥയെ നിരാകരിക്കുന്ന, സർക്കാർ നോമിനേറ്റ് ചെയ്യുന്ന വ്യക്തിയെ ചെയർമാനാക്കണമെന്ന നിയമ ഭേദഗതിയാണ് നിർദേശിച്ചിട്ടുള്ളത്. ഇത് ജനാധ്യപത്യവിരുദ്ധമാണ്.

അവിശ്വാസ വോട്ടിലൂടെ ചെയർമാനെ നീക്കം ചെയ്യാമെന്ന പ്രിൻസിപ്പൽ ആക്ടിലെ സെക്ഷൻ 20 എ പൂർണമായും ഒഴിവാക്കി. പകരം സർക്കാർ നോമിനേറ്റ് ചെയ്യുന്ന ചെയർമാനെ ബോർഡിലെ ഭൂരിപക്ഷത്തിന്റെ തീരുമാനമുണ്ടെങ്കിലും ഒഴിവാക്കാനാകില്ല എന്ന് ഭേദഗതി ചെയ്തു. ഇതും ജനാധിപത്യവിരുദ്ധമാണ്.

> ആറ് മാസത്തിനുള്ളിൽ വക്ഫിന്റെ മുഴുവൻ വിവരങ്ങളും കേന്ദ്ര സർക്കാർ നിർദേശിക്കുന്ന ഡാറ്റാബേസിൽ ചേർക്കണമെന്ന നിർദേശമടങ്ങിയ പുതിയ ഒരു വകുപ്പും ഉൾച്ചേർത്തിട്ടുണ്ട്. നിലവിൽ ഈ വിവരങ്ങളെല്ലാം സംസ്ഥാന സർക്കാർ നിർദേശിക്കുന്ന റജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ച് വരുന്നതാണ്. അതിൽ കേന്ദ്രസർക്കാരിന്റെ കൈകടത്തലിന്റെ ഉദ്ദേശ്യം എന്താണെന്നതിൽ വ്യക്തതയില്ല. അതാത് സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമായിട്ടുള്ള സർക്കാർ വസ്തു സർക്കാർതന്നെ വക്ഫുകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന ഈ വകുപ്പും നിഷ്കളങ്കമല്ല.

വക്ഫ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുസ്‌ലിം ആയിരിക്കണമെന്നതാണ് നിയമം. എന്നാൽ ഭേദഗതിയിൽ ഈ നിബന്ധന ഒഴിവാക്കിയതിലൂടെ പ്രസ്തുത സ്ഥാനം മുസ്‌ലിം അല്ലാത്തവർക്കും വഹിക്കാവുന്നതാണ്.

നിലവിലെ വക്ഫ് നിയമത്തിന്റെ വകുപ്പ് 36 പ്രകാരം വക്ഫ് റജിസ്റ്റർ ചെയ്യുന്നതിന് ബോർഡാണ് അന്വേഷണം നടത്തേണ്ടത്. എന്നാൽ ഈ വകുപ്പിലെ ഭേദഗതി പ്രകാരം വക്ഫ് സ്വത്തുക്കളുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പൂർണമായ അധികാരം കലക്ടർക്കാണ്. ഈ ഭേദഗതി നിർദേശം വക്ഫുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ കൂടുതൽ സങ്കീർണമാവുകയും കാലതാമസം നേരിടുകയും ചെയ്യും. ഒരു വസ്തു അല്ലാഹുവിന് സമർപ്പിക്കപ്പെട്ടതാണോ എന്ന് വക്ഫ് നിയമപ്രകാരം പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുള്ള ശ്രമകരവും നിയമപരവുമായ ദൗത്യം ബോർഡ് വളരെ കൃത്യമായി നിർവഹിക്കുന്നത് കൊണ്ടാണ് വക്ഫ് സ്വത്തുക്കൾ നഷ്ടപ്പെടാതിരിക്കുന്നത്. വക്ഫിന്റെ തീരുമാനങ്ങളെ ഹൈക്കോടതിയും സുപ്രീം കോടതിയും പലപ്പോഴും ശരിവയ്ക്കുകയുണ്ടായിട്ടുണ്ട്. അത്രമേൽ കൃത്യവും ശ്രമകരവുമായിരുന്നത് കൊണ്ടാണത്. ഈ അധികാര നിർവഹണം ഒരു ഡെസിഗ്നേറ്റഡ്

മജിസ്ട്രേറ്റായ ജില്ലാ കലക്ടർക്ക് നൽകുന്നത് വഴി വക്ഫാണോയെന്ന് പരിശോധിക്കേണ്ട നടപടി ദൈർഘ്യമുള്ളതാവുകയും വക്ഫ് സ്വത്ത് നഷ്ടപ്പെടാനുള്ള സാധ്യത സൃഷ്ടിക്കപ്പെടുകയുമാണ് ചെയ്യുക.

വക്ഫ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അപേക്ഷയിലും രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംസ്ഥാന സർക്കാറിന്റെ അധികാര പരിധിയിൽ വരുന്നവയായിരുന്നു. എന്നാൽ ഭേദഗതി പ്രകാരം കേന്ദ്രസർക്കാർ രൂപീകരിക്കുന്ന ചട്ടപ്രകാരമായിരിക്കും ഉൾപ്പെടുത്തുക. ഈ കാര്യത്തിലും അവ്യക്തതയും ദുരൂഹതയുമുണ്ട്. വക്ഫ് വസ്തുക്കൾ രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള ബോർഡിന്റെ അംഗീകാരം കലക്ടർക്ക് വിധേയമായിട്ടായിരിക്കും. ഇതെല്ലാം വക്ഫുകളെ സാരമായി ബാധിക്കുകയും ചെയ്യും.

നിലവിലെ വക്ഫ് നിയമത്തിലെ 37ാം വകുപ്പനുസരിച്ച് വക്ഫിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിന്റെ മാതൃക സർക്കാർ അംഗീകരിച്ച വക്ഫ് റഗുലേഷനിൽ നിഷ്കർച്ചിരുന്നതുമാണ്. ഭേദഗതി പ്രകാരം കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകുന്നതാണെന്ന് കാണുന്നു. നിലവിൽ രജിസ്റ്റർ ചെയ്ത 12000 തോളം വക്ഫുകൾ രജിസ്റ്ററിൽ മാറ്റം വരുത്താൻ കാലതാമസം നേരിടുമെന്നതാണ് മറ്റൊരു പ്രയാസം. നിലവിലുള്ള നിയമപ്രകാരം വക്ഫ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റ നിർദേശമനുസരിച്ച് ലാന്റ്റെക്കോർഡുകളിൽ വക്ഫ് വസ്തു സംബന്ധിച്ച് മാറ്റം വരുത്താമായിരുന്നു. പുതിയ ഭേദഗതിയനുസരിച്ച് പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് എതിർപ്പ് വിളിച്ചതിന് ശേഷം മാത്രമെ ലാന്റ്റെക്കോർഡുകളിൽ മാറ്റം വരുത്താനാകൂ. ഇതോടെ മൂന്നാമതൊരാൾക്ക് എതിർപ്പ് ഉന്നയിക്കാൻ സാഹചര്യം ഒരുക്കിക്കൊടുക്കുകയും അനാവശ്യ തർക്കങ്ങൾ രൂപപ്പെടുകയും ചെയ്യുമെന്നും നിരീക്ഷിക്കുന്നുണ്ട്.

1995 ലെ വക്ഫ് നിയമത്തിലെ സെക്ഷൻ 40 പ്രകാരം സമ്പത്ത് വക്ഫ് ആണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. പുതിയ ഭേദഗതിയിൽ ഈ വകുപ്പ് ഒഴിവാക്കിയിട്ടുണ്ട്. ബോർഡിന്റ അധികാരത്തിൽ മേലുള്ള കടന്നുകയറ്റമാണിത്.

വക്ഫിന്റെ കണക്കുകൾ സംസ്ഥാന സർക്കാർ അംഗീകരിച്ച ഫോമുകളിലാണ് സമർപ്പിക്കേണ്ടത്. എല്ലാ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന എല്ലാ സമ്പത്തിനെയും കുറിച്ച് കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ഫോമിൽ ഓൺലൈനായി നൽകേണ്ടതാണെന്ന് പുതിയ ബില്ല് ഭേദഗതിയിൽ പറയുന്നു. ഇത് സംസ്ഥാന സർക്കാറിന്റെ അധികാരം കേന്ദ്രം പിടിച്ചെടുക്കുന്നതിന് തെളിവാണ്. എന്നാൽ സംഭാവന നൽകുന്നവരുടെ പേര് വെളിപ്പെടുത്തുന്നതുകൊണ്ട് എല്ലാ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന പണത്തെ കുറിച്ചുള്ള വിശദാംശങ്ങൾ സംഭാവന നൽകുന്നവരുടെ മതപരമായ സ്വകാര്യതയെ ബാധിക്കുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് നിർദേശിക്കുന്ന പ്രകാരം വക്ഫുകളുടെ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സെക്ഷൻ 47 ൽപുതിയ വ്യവസ്ഥ നിർദിഷ്ട ഭേദഗതിയിൽ കാണുന്നു. വകുപ്പുകളുടെ അക്കൗണ്ടുകളുടെയും ഓഡിറ്റിന്റെയും മുഴുവൻ നിയന്ത്രണവും കേന്ദ്ര സർക്കാറിന് ലഭിക്കുന്ന രീതിയിലാണ് നിർദിഷ്ട ഭേദഗതി. ഓഡിറ്റ് റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ ബോർഡ് പാസാക്കിയ ഉത്തരവുകളും കേന്ദ്രസർക്കാർ നിർദേശിക്കുന്ന രീതിയിൽ പ്രസിദ്ധീകരിക്കണം. അങ്ങനെയായാൽ എല്ലാ ഔകാഫുകളുടെയും കണക്കുകൾ വകുപ്പിൽ താല്പര്യമുള്ളതും ഇല്ലാത്തതുമായ വ്യക്തികൾക്ക് ലഭ്യമാകുന്നതാണ്. അത് ശരിയായ നടപടിയല്ല

സെക്ഷൻ 52 aയിൽ വക്ഫ് വസ്തു അന്യാധീനപ്പെടുത്തുന്നവർക്കും അനധികൃതമായി കൈവശം വയ്ക്കുന്നവർക്കും എതിരെ ക്രിമിനൽ കോടതിക്ക് മുമ്പാകെ കേസ് ഫയൽ ചെയ്യുന്നതിന് അധികാരം നൽകാവുന്നതാണ്. എന്നാൽ ഭേദഗതി പ്രകാരം പ്രസ്തുത കുറ്റം

വക്ഫിന്റെ കണക്കുകൾ സംസ്ഥാന സർക്കാർ അംഗീകരിച്ച ഫോമുകളിലാണ് സമർപ്പിക്കേണ്ടത്. എല്ലാ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന എല്ലാ സമ്പത്തിനെയും കുറിച്ച് കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ഫോമിൽ ഓൺലൈനായി നൽകേണ്ടതാണെന്ന് പുതിയ ബില്ല് ഭേദഗതിയിൽ പറയുന്നു. ഇത് സംസ്ഥാന സർക്കാറിന്റെ അധികാരം കേന്ദ്രം പിടിച്ചെടുക്കുന്നതിന് തെളിവാണ്. എന്നാൽ സംഭാവന നൽകുന്നവരുടെ പേര് വെളിപ്പെടുത്തുന്നതുകൊണ്ട് എല്ലാ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന പണത്തെ കുറിച്ചുള്ള വിശദാംശങ്ങൾ സംഭാവന നൽകുന്നവരുടെ മതപരമായ സ്വകാര്യതയെ ബാധിക്കുന്നതാണ്.

കോഗ്നൈസബിളും ജാമ്യം ലഭിക്കാത്തതും ആണെന്ന വ്യവസ്ഥയും കോടതി മുമ്പാകെ ഫയൽ ആക്കുന്നതിനുള്ള വ്യവസ്ഥയും ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ പ്രസ്തുത വകുപ്പ് നിലനിൽക്കുന്നതല്ല. അപ്പോൾ അനധികൃതമായി സ്വത്തു കൈവശം വയ്ക്കുന്നവരും അന്യാധീനപ്പെടുത്തുന്നതിന് കൂട്ടുനിൽക്കുന്നവരും ശരിയായ രീതിയിൽ ശിക്ഷിക്കപ്പെടുകയില്ല. കൂടാതെ കഠിന തടവ് എന്നത് കേവലം തടവു മാത്രമായി കയ്യേറ്റക്കാരെ സഹായിക്കുന്നതുമാണ്. ഇതും വക്ഫ് നിയമങ്ങളോട് ചെയ്യുന്ന വലിയ പാതകമാണ്.

ബോർഡിന്റെയും കളക്ടറുടെയും നിർദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ മുതവല്ലിക്ക് ആറുമാസംവരെ തടവും ഒരു ലക്ഷം രൂപവരെ പിഴയും ലഭിക്കാവുന്ന ഒരു പുതിയ ഉപവിഭാഗം സെക്ഷൻ 61 ഉൾപ്പെടുത്തിയിട്ടുണ്ട്. അതുവഴി കളക്ടറുടെ നിർദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ സാധ്യമാക്കാൻ മുതവല്ലി നിർബന്ധിതനാകും. കേന്ദ്രസർക്കാർ നൽകുന്ന പോർട്ടലിൽ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ മുതവല്ലി പരാജയപ്പെട്ടാൽ ഇതേ ശിക്ഷതന്നെ ലഭിക്കും. വക്ഫിന്റെ സ്വത്തുക്കളും വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ നേടിയെടുക്കാനുള്ള കേന്ദ്രസർക്കാറിന്റെ പ്രവർത്തനമാണ് ഇത് എന്ന് നമുക്ക് മനസ്സിലാക്കാം.

വക്ഫ് നിയമത്തിലെ 104ാം വകുപ്പ് പ്രകാരം ഏതു മതത്തിൽ പെട്ടവർക്കും ഒരു വസ്തു വക്ഫാക്കുന്നതിനോ വക്ഫ് നൽകുന്നതിനോ സാധിച്ചിരുന്നു. എന്നാൽ പുതിയ ഭേദഗതിയിൽ ഈ വകുപ്പ് ഒഴിവാക്കിയതായി കാണുന്നു. അഞ്ചുവർഷമെങ്കിലും ഇസ്‌ലാമിക ആചാര പ്രകാരം ജീവിച്ചിട്ടുള്ള വ്യക്തികൾക്ക് മാത്രമെ വക്ഫ് രൂപീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന ഭേദഗതി വക്ഫ് നൽകാൻ ആഗ്രഹിക്കുന്ന മുസ്‌ലിമേതര വ്യക്തികളുടെ അവകാശത്തെ ഹനിക്കലാണ്. ഇത് ശരിയായ നടപടിയല്ല.

സെക്ഷൻ 107ൽ വക്ഫ് സ്വത്തുമായി ബന്ധപ്പെട്ട് കേസ് ഫയൽ ആക്കുന്നതിന് പരിധി നിയമം ബാധകമല്ല എന്നാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ നിർദിഷ്ട ഭേദഗതിയിൽ ഈ വകുപ്പ് ഒഴിവാക്കിയിട്ടുള്ളതും അന്യാധീനപ്പെട്ട വക്ഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ സാധിക്കാതെ പോവുകയും ചെയ്യും.

വക്ഫ് നിയമം 108 പ്രകാരം ഏതെങ്കിലും വസ്തു ബോർഡിന്റെ അധീനതയിൽ ഉണ്ടെങ്കിൽ ആയത് ട്രസ്റ്റ് എന്ന നിലയിൽ നേരിട്ടുള്ള ഭരണം ബോർഡിന് നടത്താവുന്നതാണ് എന്ന് ഉണ്ട്. എന്നാൽ ഭേദഗതി പ്രകാരം ഈ നിയമം എടുത്തുകളഞ്ഞിരിക്കുന്നു. കേരളത്തിൽ അത്തരം വസ്തുക്കളൊന്നും നിലവിലില്ലെങ്കിലും വടക്കേ ഇന്ത്യയിൽ അത്തരം വസ്തുക്കൾ ഉള്ളതും അത് വക്ഫ് ബോർഡുകൾക്ക് നഷ്ടപ്പെടാൻ സാധ്യതയുള്ളതുമാണ്.

വക്ഫ് വസ്തുക്കളെ സംബന്ധിച്ച് മറ്റെല്ലാ നിയമങ്ങളെക്കാളും ഉപരിയായി വക്ഫ് നിയമമാണ് ബാധകമാകാറുള്ളത്. ഈ നിയമങ്ങൾക്ക് വിരുദ്ധമായി മറ്റു നിയമങ്ങൾ ബാധകമാവുകയില്ല. എന്നാൽ ഇങ്ങനെ നിർദേശിക്കുന്ന 108 എ വകുപ്പും എടുത്തുകളഞ്ഞതായി കാണുന്നു.

ചുരുക്കത്തിൽ, ബില്ല് തികച്ചും ഏകപക്ഷീയവും സംസ്ഥാന സർക്കാറിന്റെയും ബോർഡിന്റെയും അധികാരങ്ങൾ കവർന്നെടുക്കുന്നതുമാണ്. വക്ഫ് സ്വത്ത്, വരുമാനം തുടങ്ങിയ എല്ലാ വിവരങ്ങളും വക്ഫ് മുതവല്ലിമാരുടെ നിയന്ത്രണവും കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്ന രീതിയിൽ തയ്യാറാക്കിയിട്ടുള്ളതാണ് പുതിയ ഭേദഗതി. ഇന്ത്യയിലെ മറ്റേതൊരു മതസ്ഥരുടെയും ആരാധനാലയങ്ങൾക്ക് ഇല്ലാത്ത തരത്തിലുള്ള നിയന്ത്രണവും വിവരശേഖരണവും തീരുമാനം എടുക്കുന്നതിൽ മുസ്‌ലിം ഇതര വ്യക്തികളുടെ ഇടപെടലുകൾ ഉണ്ടാക്കുന്ന രീതിയിലുമാണ് ഈ ബില്ലിലെ വകുപ്പുകൾ ഏറെയും. ഇത് ജനാധിപത്യ വിരുദ്ധവും നാളിതുവരെയുള്ള ഇന്ത്യയുടെ മതേതര നയങ്ങൾക്ക് വിരുദ്ധവുമാണ്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളെ കാറ്റിൽ പറത്തി ഇറക്കാൻ ശ്രമിക്കുന്ന ഈ ബില്ല് ചില ഗൂഢലക്ഷ്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ■

ഇന്ത്യയിലെ മറ്റേതൊരു മതസ്ഥരുടെയും ആരാധനാലയങ്ങൾക്ക് ഇല്ലാത്ത തരത്തിലുള്ള നിയന്ത്രണവും വിവരശേഖരണവും തീരുമാനം എടുക്കുന്നതിൽ മുസ്‌ലിം ഇതര വ്യക്തികളുടെ ഇടപെടലുകൾ ഉണ്ടാക്കുന്ന രീതിയിലുമാണ് ഈ ബില്ലിലെ വകുപ്പുകൾ ഏറെയും. ഇത് ജനാധിപത്യവിരുദ്ധവും നാളിതുവരെയുള്ള ഇന്ത്യയുടെ മതേതര നയങ്ങൾക്ക് വിരുദ്ധവുമാണ്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളെ കാറ്റിൽ പറത്തി ഇറക്കാൻ ശ്രമിക്കുന്ന ഈ ബില്ല് ചില ഗൂഢ ലക്ഷ്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്




ഫൈസൽ മൗലവി പുതുപ്പറമ്പ്

# ദുരാരോപണത്തിന്റെ നിജ സ്ഥിതിയെന്ത്?

2024 നവംബർ 10ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ് ലാമിക് ഓർഗ നൈസേഷൻ 'തൗഹീദ്, പ്രമാണം, പ്രസ്ഥാനം' എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ ഫൈസൽ മൗലവി പുതു പ്പറമ്പ് നടത്തിയ പ്രഭാഷ ണത്തിൻെറ ആശയ സംഗ്രഹം

സൂറത്തുൽ അൻആമിലെ ഒരു വചനം ഞാൻ ദുർവ്യാഖ്യാനം ചെയ്തു എന്ന കളവ് ഒരു വ്യാഴവട്ട കാലമായി ഇവിടെ ചില സ്ഥാപിത താൽപര്യക്കാർ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. അത് പരലോകത്ത് എനിക്ക് ലാഭമാക്കിത്തരുമാറാകട്ടെ എന്നാണ് എൻെറ പ്രാർഥന.

ദുർവ്യാഖ്യാനിച്ചു എന്ന് ഇത്രയും കാലം അവർ പ്രസംഗിച്ചു നടന്നിട്ടും ആ സൂക്തവുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞതോ കിതാബുകളിൽനിന്ന് ഉദ്ധരിച്ചതോ ആയ കാര്യങ്ങൾ ശരിയല്ല എന്നോ കിതാബിൽ ഇല്ലാത്തത് വായിച്ചു എന്നോ പറയാൻ അവർക്കിന്നും സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. ഞാൻ പറയാത്തതായ കാര്യം

ദുർവ്യാഖ്യാനിച്ചു എന്ന് ഇത്രയും കാലം അവർ പ്രസംഗിച്ചു നടന്നിട്ടും ആ സൂക്തവുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞതോ കിതാബുകളിൽനിന്ന് ഉദ്ധരിച്ചതോ ആയ കാര്യങ്ങൾ ശരിയല്ല എന്നോ കിതാബിൽ ഇല്ലാത്തത് വായിച്ചു എന്നോ പറയാൻ അവർക്കിന്നും സാധിച്ചിട്ടില്ല, സാധിക്കയുമില്ല. ഞാൻ പറയാത്തതായ കാര്യം ഞാൻ പറഞ്ഞു എന്ന് എന്റെ പേരിൽ ആരോപിച്ച് അത് കിതാബിലില്ലാ എന്നും കളവ് പറഞ്ഞു എന്നും ദുർവ്യാഖ്യാനിച്ചു എന്നും പറയുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്.

ഞാൻ പറഞ്ഞു എന്ന് എന്റെ പേരിൽ ആരോപിച്ച് അത് കിതാബിലില്ല എന്നും കളവ് പറഞ്ഞു എന്നും ദുർവ്യാഖ്യാനിച്ചു എന്നും പറയുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്.

ഹനീഫ് കായക്കൊടി ക്ലിപ്പിട്ടുകൊണ്ട് ഈ ആരോപണം ഉന്നയിക്കുന്ന ഭാഗം ആദ്യം നിങ്ങൾ കേൾക്കുക:

‘കോഴിച്ചെനയിൽ വന്നപ്പോൾ അതുവരെ പറഞ്ഞ ഭൗതികവും അഭൗതികവുമൊക്കെ പോയി. നേരെ മറിച്ച് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ തീരുമാനം അംഗീകരിച്ചു. അവിടെയാണ് വിശുദ്ധ ക്വുർആനിലെ ആയത്ത് ഓതിയത്. ആ ആയത്ത് ഞാൻ വിശദീകരിക്കുന്നില്ല. സ്വാഭാവികമായും ആയത്ത് ഓതിയാൽ അതിന് വിശദീകരണം വേണമല്ലോ. ആ വിശദീകരണം ചോദിച്ചു. വിശദീകരണം ചോദിച്ചപ്പോൾ, ഏത് സ്വഹാബിയാണ് എന്ന് ചോദിച്ചപ്പോൾ അതിന് അദ്ദേഹം അവിടെ ഇബ്നു അബ്ബാസ് (റ)വിന്റെ പേര് പറഞ്ഞു. ക്വുർആനിൽ പച്ച ദുർവ്യാഖ്യാനമാണ് നടത്തിയത്....

പിന്നീട് നമ്മൾ കേരളത്തിലെ തെരുവുകളിൽ പറഞ്ഞു. അവസാനം പത്തപ്പിരിയത്ത് ഒരു വാദപ്രതിവാദം നടത്തി. ആ വാദപ്രതിവാദത്തിൽ അദ്ദേഹം പറയുന്നതും അതിനുമുമ്പ് കോഴിച്ചെനയിൽ പറഞ്ഞതും നമുക്കൊന്ന് ഒന്നിച്ചു കേട്ട് നോക്കാം...

‘കോഴിക്കോട് കടപ്പുറത്ത് നിന്നാരംഭിച്ച ആ ഒരു ആരോപണം, വസീലത്തു ശിർക്കാണ് എന്ന് ഇബ്നു അബ്ബാസ് പറഞ്ഞു എന്ന് ഈ ഫൈസൽ മുസ്‌ലിയാർ എവിടെയാണ് പറഞ്ഞത്? നിങ്ങളത് കാണിക്കണം. നിങ്ങൾ ഒന്ന് പറയണം. എവിടെയാണ് പറഞ്ഞത്? കോഴിച്ചെന സംവാദത്തിൽ പറഞ്ഞു; നിങ്ങൾ സമയം പറയൂ, എത്രാമത്തെ മിനുട്ടിലാണ്?’

എന്റെ ബഹുമാന്യനായ ഫൈസൽ മുസ്‌ലിയാരേ, താങ്കളോട് ഞാൻ ചോദിച്ചത് താങ്കളോതിയ ആയത്തിന് ആരാണ് അങ്ങനെ മനസ്സിലാക്കിയത്, ഏത് സ്വഹാബിയാണ് മനസ്സിലാക്കിയത് എന്നാ ചോദിച്ചത്. മനസ്സിലായില്ലേ.

رَبَّنَا اسْتَمْتَعَ بَعْضُنَا بِبَعْضٍ എന്ന ആയത്തിനെ, അതിൽ വസീലതു ശിർക്കുണ്ട് എന്ന് ഏത് സ്വഹാബി മനസ്സിലാക്കി, ഏത് താബിഅ് മനസിലാക്കി, ഏത് തബഉത്താബിഅ് മനസ്സിലാക്കി എന്നല്ലേ...ഏത് സ്വഹാബി പറഞ്ഞു എന്ന ചോദ്യത്തിന് പിടിച്ചോളൂ സുല്ലമി എന്ന് പറഞ്ഞിട്ട് ഇബ്നു അബ്ബാസ്(റ) പറയുന്നു എന്ന് പറഞ്ഞ മുസ് ലിയാരാണ് പത്തപ്പിരിയത്തെത്തിയപ്പോ ചോദിക്കുന്നത് എവിടെയാണ് ഫൈസൽ മുസ്‌ലിയാർ പറഞ്ഞത്; പറ്റുമെങ്കി സമയം പറയണം. അവിടെയിരുന്ന് വായിച്ചുകൊടുത്തു നമ്മൾ...’

ഇതാണ് അവരുടെ സ്ഥിരമായ ദുരാരോപണം. വർഷങ്ങളായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു; ഇബ്നു അബ്ബാസ്(റ) എന്ത് പറഞ്ഞു എന്ന് ഞങ്ങൾ വായിച്ചിട്ടുണ്ട്, അത് മറച്ചുവെക്കാം! ‘ഇബ്നു അബ്ബാസ് പറയുന്നു’- അവിടെ കട്ട് ചെയ്യാം. ഇബ്നു അബ്ബാസ് എന്ത് പറയുന്നുവോ അത് വായിച്ചു കേൾപ്പിക്കില്ല. എന്നിട്ട് ഞാൻ പറയാത്ത കാര്യം പറഞ്ഞു എന്ന് സ്ഥാപിച്ചെടുത്തിട്ടാണ് നാട് നീളെ ഈ ദുരാരോപണവുമായി അവർ ഇറങ്ങിത്തിരിച്ചത്. അതിനുവേണ്ടി മാത്രമാണ് പത്തപ്പിരിയം സംവാദം നടന്നത്. ഒരു സംവാദത്തിൽ ആയത്തോതുകയും ആ ആയത്ത് ദുർവ്യാഖ്യാനിച്ചുവെന്ന് പിന്നീട് വിമർശിക്കുകയും ചെയ്തപ്പോൾ ദുർവ്യാഖ്യാനിച്ചോ ഇല്ലേ എന്ന് തെളിയിക്കാൻ വേണ്ടി മാത്രം മറ്റൊരു സംവാദം വെക്കുക. ഒരുപക്ഷേ, ലോക ചരിത്രത്തിൽ അങ്ങനെ വേറൊന്ന് സംഭവിച്ചിട്ടുണ്ടാകില്ല. അതാണ് ഈ വിഷയത്തിൽ സംഭവിച്ചത്. എന്നിട്ട് തെളിയിക്കാൻ പറ്റിയോ? ഇല്ല! തെളിയിക്കാൻ പറ്റിയില്ല എന്ന് മാത്രമല്ല തിരിച്ച്, അവർ ദുർവ്യാഖ്യാനിച്ച ഒരു ഡസനോളം പ്രമാണങ്ങളെ അബ്ദുറഹ്മാൻ സലഫിയുടെ മുഖത്തു നോക്കി, ഹനീഫ് കായക്കൊടി

യുടെ മുഖത്തുനോക്കി, അനസ് മൗലവിയുടെ മുഖത്തു നോക്കി, ഹംസ ബാഖവിയുടെ മുഖത്തു നോക്കി അന്ന് എണ്ണിയെണ്ണി ആവർത്തിച്ചു പറഞ്ഞിട്ടും എന്തെങ്കിലും ഒന്ന് മിണ്ടാൻ അന്നുമുതൽ ഇന്നുവരെയും അവർക്ക് സാധിച്ചിട്ടില്ല.

എന്താണ് സൂറഃ അൻആമിലെ 128-ാമത്തെ വചനത്തിൽ പറയുന്നത്? നാളെ പരലോകത്ത് അല്ലാഹു തആലാ മനുഷ്യരെയും ജിന്നുകളെയുമെല്ലാം ഒരുമിച്ച് കൂട്ടുന്ന രംഗമാണ് ആയത്തിൽ പറയുന്നത്.

وَيَوْمَ يَحْشُرُهُمْ جَمِيعًا يَٰمَعْشَرَ ٱلْجِنِّ قَدِ ٱسْتَكْثَرْتُم مِّنَ ٱلْإِنسِ وَقَالَ أَوْلِيَآؤُهُم مِّنَ ٱلْإِنسِ رَبَّنَا ٱسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَآ أَجَلَنَا ٱلَّذِىٓ أَجَّلْتَ لَنَا قَالَ ٱلنَّارُ مَثْوَىٰكُمْ خَٰلِدِينَ فِيهَآ إِلَّا مَا شَآءَ ٱللَّهُ إِنَّ رَبَّكَ حَكِيمٌ عَلِيمٌ

'അവരെയെല്ലാം അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം. (ജിന്നുകളോട് അവൻ പറയും:) ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽനിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചിട്ടുണ്ട്. മനുഷ്യരിൽനിന്നുള്ള അവരുടെ ഉറ്റമിത്രങ്ങൾ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ ചിലർ മറ്റുചിലരെക്കൊണ്ട് സുഖമനുഭവിക്കുകയുണ്ടായി. നീ ഞങ്ങൾക്ക് നിശ്ചയിച്ച അവധിയിൽ ഞങ്ങളിതാ എത്തിയിരിക്കുന്നു. അവൻ പറയും: നരകമാണ് നിങ്ങളുടെ പാർപ്പിടം. അല്ലാഹു ഉദ്ദേശിച്ച സമയം ഒഴികെ നിങ്ങളതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും നിൻെറ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമാകുന്നു.'

ഈ ആയത്തിൽ പരലോക

> ഇബ്നു അബ്ബാസ് പറയുന്നു എന്ന് പറഞ്ഞിടത്ത് മുറിക്കുക. ഇബ്നു അബാസ് എന്തു പറയുന്നു എന്ന് ഉടനെ വായിക്കുന്നുണ്ട്. അത് അവിടെ മുറിക്കുക. എന്നിട്ട് ഇബ്നു അബ്ബാസ് ഇവിടെ വസീലത് ശിർക്ക് എന്ന് പറഞ്ഞു എന്ന്, അദ്ദേഹത്തിൻെറ പേരിൽ കളവ് പറയുന്നു എന്ന് വിളിച്ചു പറയുക! വ്യത്യസ്തമായ തഫ്സീറുകളിൽ ബന്ധപ്പെട്ടുള്ള എല്ലാ ചർച്ചകളെയും കൊണ്ടുവന്ന് അതിൻെറ ശരിയായ വ്യാഖ്യാനം ഏതാണ്, അല്ലാത്തത് ഏതാണ് എന്ന് തുടങ്ങി ഇതുമായി ബന്ധപ്പെട്ട് പറഞ്ഞതെല്ലാം 'ഫത്ഹുൽ ക്വദീറിൽ' ഇമാം ശൗക്കാനി(റഹി) വിവരിക്കുന്നത് കാണാൻ കഴിയും.

ത്ത് അല്ലാഹു തആലാ വിചാരണ ചെയ്യുന്ന രംഗമാണ് പരാമർശിക്കുന്നത്. മനുഷ്യനും ജിന്നുകളുമൊരുമിച്ച് കൂട്ടപ്പെടുന്നു. ജിന്നുകളോട് ചോദിക്കുന്നു; ഒരുപാട് മനുഷ്യരെ നിങ്ങൾ വഴിപിഴപ്പിച്ചല്ലോ. വഴികേടിലായ മനുഷ്യർ അത് സമ്മതിക്കുന്നു. എന്നിട്ട് പറയുന്നു; റബ്ബേ, ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഉപകാരമെടുത്തു.

رَبَّنَا ٱسْتَمْتَعَ بَعْضُنَا بِبَعْضٍ

ഞങ്ങൾ പരസ്പരം ഉപകാരമെടുത്തു. റബ്ബേ, എല്ലാം കഴിഞ്ഞ് ഇപ്പോഴിതാ നിൻെറ മുമ്പിലെത്തിയിരിക്കുന്നു. തെറ്റ് ബോധ്യപ്പെട്ടു. പക്ഷേ, അല്ലാഹു പറയും; നിങ്ങളുടെ സങ്കേതം നരകമാണ്, നിങ്ങളതിൽ ശാശ്വതമാണ് എന്ന്.

ഈ ആയത്തിലെ രണ്ട് പ്രയോഗങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന് إِسْتِمْتَاع എന്ന പ്രയോഗം. 'അങ്ങോട്ടും ഇങ്ങോട്ടും ഉപകാരമെടുക്കുക.' അവർക്ക് ഇങ്ങോട്ട് ഭൗതികമാണ്, ഇവർക്ക് അങ്ങോട്ട് അഭൗതികമാണ് എന്നാണ് ഇവർ പറയുന്നത്. ഈ പ്രയോഗം തന്നെ ആ വാദത്തെ പൊളിക്കുന്നതാണ്. ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഉപകാരമെടുത്തു എന്നാണ് പറഞ്ഞത്. അപ്പോൾ അങ്ങോട്ട് അഭൗതികമാണെങ്കിൽ പിന്നെ അഭൗതികമായ ഉപകാരമെടുക്കൽ ഉണ്ടാവും എന്നാണോ ഇവരുടെ വാദം?

രണ്ടാമത്തെ പ്രയോഗം إِلَّا مَا شَآءَ ٱللَّهُ എന്നതാണ്. 'അല്ലാഹു ഉദ്ദേശിച്ചത് ഒഴികെ.' നരകത്തിലാണ് നിങ്ങൾ, അതിൽ ശാശ്വതരാണ് നിങ്ങൾ എന്ന് പറഞ്ഞിട്ടാണ് അല്ലാഹു ഉദ്ദേശിച്ചവരൊഴികെ എന്ന് പറയുന്നത്.

ഈ ഇസ്തിംതാഅ് എന്താണ്? വ്യത്യസ്തമായ രീ

തിയിൽ ഈ ഇസ്തിംതാഇനെ ക്വുർആൻ വ്യാഖ്യാതാക്കൾ വിശദമായി അവരുടെ ഗ്രന്ഥങ്ങളിൽ പഠിപ്പിച്ചത് കാണാൻ കഴിയും. ഏതെല്ലാം രൂപത്തിൽ ഇസ്തിംതാഅ് ഉണ്ട് എന്ന് ഇമാം ക്വുർതുബി, ഇമാം ഇബ്നുകസീർ, ഇമാം ശൗകാനി, ഇമാം ഇബ്നുൽ ജൗസി അടക്കമുള്ള ഒരുപാട് ക്വുർആൻ വ്യാഖ്യാതാക്കൾ ഇസ്തിംതാഇൻെറ വ്യത്യസ്തമായ തലങ്ങളെ വിശദീകരിച്ചത് കാണാൻ കഴിയും

തഫ്സീറു ക്വുർത്വിബിയിൽനിന്ന് കോഴിച്ചെന സംവാദത്തിൽ ഞാൻ വായിച്ച ഭാഗം അതാണ്. പലതരം ഇസ്തിംതാഅ് ഉണ്ട് എന്ന് ഇമാം ക്വുർതുബി പറയുന്നതാണ് ഞാൻ അവിടെ വായിച്ചത്. അല്ലാതെ വസീലത്തു ശിർക്ക് എന്ന വാക്ക് ക്വുർതുബിയിലുണ്ട് എന്ന് കോഴിച്ചനയിൽ എന്നല്ല എവിടെയും പറഞ്ഞിട്ടില്ല. എന്നാൽ ഇസ്തിംതാഉകൾ പലതുണ്ട്, അതിൽ ഹറാമായതുണ്ട്, ശിർക്കായതുണ്ട്, കുഫ്റായതുണ്ട്, ശിർക്കിലേക്ക് വഴിവെക്കുന്നതുണ്ട്... ഇങ്ങനെ തുടങ്ങി വ്യത്യസ്തമായ ഇസ്തിംതാഉകൾ ജിന്നും ഇൻസും തമ്മിൽ നടക്കുന്നുണ്ട് എന്ന് ഈ ആയത്ത് വ്യാഖ്യാനിച്ചുകൊണ്ട് ക്വുർആൻ വ്യാഖ്യാതാക്കളായ പണ്ഡിതന്മാർ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.

ഇമാം ഖുർതുബി(റഹി) അദ്ദേഹത്തിൻെറ തഫ്സീറിൽ അത് വിശദമാക്കിയ ഭാഗം കോഴിച്ചെനയിൽ നമ്മൾ വായിച്ചിട്ടുണ്ട്. പക്ഷേ, ആ വായിച്ചതൊന്നും ഇവർ പറയില്ല. എന്താണ് അവിടെ വായിച്ചത്, ക്വുർതുബിയിൽ പറഞ്ഞതെന്ത് എന്നത് അവർ കേൾക്കില്ല. നേരെമറിച്ച് ഇമാം ക്വുർതുബി പറയുന്നു എന്ന് പറഞ്ഞിടത്ത് മുറിച്ച് അത് ക്ലിപ്പാക്കുകയാണ് ചെയ്യുന്നത്. എന്നിട്ട് ഇതാ വസീലത്തു ശിർക്ക് എന്ന് ക്വുർത്വുബിയിലെവിടെ, കാണിച്ച് തരൂ എന്ന് പറയുക. ഇബ്നു അബ്ബാസ് പറയുന്നു എന്ന് പറഞ്ഞിടത്ത് മുറിക്കുക. ഇബ്നു അബാസ് എന്തു പറയുന്നു എന്ന് ഉടനെ വായിക്കുന്നുണ്ട്. അത് അവിടെ മുറിക്കുക. എന്നിട്ട് ഇബ്നു അബ്ബാസ് ഇവിടെ വസീലത് ശിർക്ക് എന്ന് പറഞ്ഞു എന്ന്, അദ്ദേഹത്തിൻെറ പേരിൽ കളവ് പറയുന്നു എന്ന് വിളിച്ചു പറയുക!

വ്യത്യസ്തമായ തഫ്സീറുകളിൽ ബന്ധപ്പെട്ടുള്ള എല്ലാ ചർച്ചകളെയും കൊണ്ടുവന്ന് അതിൻെറ ശരിയായ വ്യാഖ്യാനം ഏതാണ്, അല്ലാത്തത് ഏതാണ് എന്ന് തുടങ്ങി ഇതുമായി ബന്ധപ്പെട്ട് പറഞ്ഞതെല്ലാം 'ഫത്ഹുൽ ക്വദീറിൽ' ഇമാം ശൗക്കാനി(റഹി) വിവരിക്കുന്നത് കാണാൻ കഴിയും.

കെഎൻഎമ്മിൻെറ പ്രസിഡൻറായിരുന്ന ഡോ. ഉസ്മാൻ സാഹിബ് അദ്ദേഹത്തിൻെറ 'മുഖ്യശത്രു' എന്ന പുസ്തകത്തിൽ പത്തിലേറെ തവണയാണ് ഈ ആയത്ത് ഉദ്ധരിച്ചിട്ടുള്ളത്. സൽസബീലിൽ എഴുതിയ ലേഖന പരമ്പരയാണത്. കെ. ഉമർ മൗലവി അംഗീകരിച്ചതും എഡിറ്റ് ചെയ്തതുമാണത്. 1992ൽ പാലക്കാട് വെച്ച് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ പുറത്തിറക്കുകയും അവിടെ വിതരണം ചെയ്യുകയും ചെയ്ത ആ കൃതിയിൽ വ്യത്യസ്തങ്ങളായ ഇസ്തിംതാഉകളെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇസ്തിംതാഅ് പലവിധമുണ്ട് എന്നത് അബ്ദുറഹ്മാൻ സലഫി പത്തപ്പിരിയത്തു വെച്ചും അല്ലാതെയും സമ്മതിച്ച കാര്യമാണ്.

അദ്ദേഹം പറയുന്നത് കേൾക്കുക: 'ഇസ്തിംതാഇൽ ഇസ്തിആനത്ത് പെടുമോ? ആ ചോദ്യം യഥാർഥത്തിൽ പുതിയ ചോദ്യമാണ്. തർക്കമില്ലാത്തതാണ്. ആ വിഷയത്തിൽ - ഇസ്തിംതാഇൽ- ഇസ്തിആനത്ത് പെടും, ഇസ്തിആനത്ത് അല്ലാത്തതും പെടും.'

പത്തപ്പിരിയം സംവാദത്തിൽ വന്നപ്പോൾ ചോദ്യങ്ങൾ കൊണ്ടുവന്ന ഒരു റൂട്ട് ഉണ്ടായിരുന്നു. അതിൽ ഒരു ചോദ്യമായിരുന്നു 'ഇസ്തിംതാഇൽ ഇസ്തിആനത്ത് പെടുമോ' എന്നത്. ജിന്നും മനുഷ്യനും തമ്മിലുള്ള ഇസ്തിംതാഅ് - ഉപകാരമെടുക്കൽ- എന്ന് പറഞ്ഞതിൽ അഥവാ ഇസ്തിംതാഇൽ ഇസ്തിആനത്ത് പെടുമോ? ഞാൻ പറഞ്ഞു 'പെടും.'

*(തുടരും)*

*(തയ്യാറാക്കിയത്: ഉസ്മാൻ പാലക്കാഴി)*

ശമീർ മദീനി
: 9048 221 212

# സന്തോഷവും ആഘോഷവും ; മതത്തിലും നാസ്തികതയിലും



മതത്തെയും ദൈവവിശ്വാസത്തെയും പടിക്കു പുറത്ത് നിറുത്താൻ വേണ്ടി നാസ്തികർ ഉന്നയിക്കാറുള്ള ചോദ്യമാണ് 'ജീവിതത്തിൽ എന്തെങ്കിലും നേട്ടങ്ങളോ വിജയങ്ങളോ ഉണ്ടാകുമ്പോൾ ഒന്ന് മനസ്സറിഞ്ഞ് സന്തോഷിക്കുന്നത് പോലും മതം വിലക്കുന്നു. അങ്ങനെയുള്ള മതത്തിന് എന്ത് സന്തോഷവും സമാധാനവുമാണ് മനുഷ്യർക്കായി നൽകുവാനുള്ളത്' എന്നത്.

സത്യത്തിൽ സന്തോഷത്തിനും ആഹ്ലാദത്തിനും മതം എതിരല്ല. മറിച്ച്, നിയതമായ മാർഗങ്ങളിലൂടെ സന്തോഷിക്കുവാനും ആഹ്ലാദിക്കുവാനുമാണ് മതം അനുശാസിക്കുന്നത്. മാത്രമല്ല, അവയ്ക്കെല്ലാം അതിന്റെതായ പ്രായോഗിക രൂപം കൂടി മതം പഠിപ്പിക്കുന്നുണ്ട്. ചില ഉദാഹരങ്ങൾ കാണുക:

1) വിവാഹം, അതിനോടനുബന്ധിച്ച സൽക്കാരം.

മനുഷ്യന്റെ ലൈംഗികവും മാനസികവുമായ സന്തോഷത്തിനും സമാധാനത്തിനും ഉതകുന്ന ഒന്നാണ് ദാമ്പത്യ ജീവിതം. അതിനു വേണ്ടുന്ന പ്രായോഗിക മാർഗനിർദേശങ്ങൾ നൽകുകയും അതിന്റെ ഗുണവശങ്ങൾ വിശദീകരിക്കുകയും ചെയ്യുന്ന നിരവധി വചനങ്ങൾ വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും കാണാവുന്നതാണ്.

"നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽനിന്നും അടിമസ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ" (ക്വുർആൻ 24:32).

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (30:21).

അപ്രകാരം തന്നെ ആ സന്തോഷത്തിൽ ആളുകളെ പങ്കെടുപ്പിക്കുവാനും അവർക്ക് സദ്യ (വലീമ) ഒരുക്കുവാനും നബി(സ്വ) നിർദേശി

ച്ചിട്ടുള്ളതും കാണാം

2). കുട്ടി ജനിച്ചാൽ അഖീഖ അറുക്കുവാനും അതിന്റെ മാംസം ആളുകൾക്ക് വിതരണം ചെയ്യുവാനും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

3). പെരുന്നാളുകൾ: രണ്ട് പെരുന്നാളുകൾ മതപരമായ ആഘോഷങ്ങളാണ്. അവയിൽ പുതുവസ്ത്രങ്ങൾ ധരിക്കുവാനും സന്തോഷം പങ്കുവെക്കുവാനും നല്ല ഭക്ഷണങ്ങൾ കഴിക്കുവാനുമൊക്കെ മതം പ്രേരിപ്പിക്കുന്നുണ്ട്. വിനോദങ്ങളിൽ ഏർപെടാനും ഇസ്‌ലാം തടസ്സം നിൽക്കുന്നില്ല; അനുവദനീമായിരിക്കണമെന്നു മാത്രം.

ഈദുൽ ഫിത്വ്ർ (ചെറിയ പെരുന്നാൾ) അനുബന്ധിച്ച് ഫിത്വ്ർ സകാത്ത് വിതരണവും ഈദുൽ അദ്ഹയോടനുബന്ധിച്ച് (ബലിപെരുന്നാൾ) മാംസവിതരണവും പ്രത്യേകം നിർദേശിക്കപ്പെട്ടിട്ടുള്ള കർമങ്ങളാണ്.

ഇവയെല്ലാം സന്തോഷിക്കുവാനും ആഹ്ലാദിക്കുവാനുമുള്ള അവസരങ്ങളാണ് വിശ്വാസികൾക്ക് നൽകുന്നത്. പിന്നെ എന്താണ് പ്രശ്നം? ആഹ്ലാദത്തിന്റെയും ആഘോഷത്തിന്റെയും പേരിലുള്ള 'അടിച്ചു പൊളി'യും അടിപിടിയും കലഹങ്ങളും ലഹരി ഉപയോഗങ്ങളും ഇല്ല എന്നത് സത്യമാണ്. അഥവാ ആഘോഷത്തിന്റെയും ആഹ്ലാദത്തിന്റെയും മേഖലകളിലും ചില നിയന്ത്രണങ്ങൾ ഉണ്ട് എന്നത് ശരിയാണ് ; അതാണ് ഇസ്‌ലാമിന്റെ വ്യതിരിക്തത. നാസ്തികർക്ക് ഇല്ലാതെപോയതും അതാണ്. ■

# സർഗക്കൂടിനുള്ളിൽ അവർ ഒത്തുചേർന്നു

ബാല്യ-കൗമാരപ്രായക്കാർപോലും അരുതായ്മകളുടെ പിന്നാലെ പായുന്ന വർത്തമാന കാലത്ത് തിരൂർ നൂർലേകിന്റെ മനോഹരമായ അന്തരീക്ഷത്തിൽ ഒരുക്കിയ നന്മകളുടെ സർഗക്കൂട്ടിൽ അവർ ഒത്തുചേർന്നു. പാട്ടു പാടിയും കഥകൾ പറഞ്ഞും അനുഭവങ്ങൾ പങ്കിട്ടും കളികളിലേർപ്പെട്ടും ഇസ്‌ലാമിക ബോധത്തിന്റെ മധുനുകർന്നും ഒരു പകൽസമയം കടന്നുപോയത് അവർ അറിഞ്ഞതേയില്ല.

കൊറിയൻ ചാനലുകളടക്കമുള്ള സൈബർ ഇടങ്ങൾ കുട്ടികളെ സ്വാധീനിക്കുന്നതിനാൽ ശക്തമായ സെൻസർഷിപ്പ് ഏർപ്പെടുത്താൻ അധികാരികൾ തയ്യാറാകണമെന്നും അത്തരം സംസ്കാര ശൂന്യമായ സംവിധാനങ്ങളെ മോണിറ്റർ ചെയ്യാനും നിയന്ത്രിക്കാനും സംവിധാനമൊരുക്കണമെന്നും സർഗക്കൂട് അഭിപ്രായപ്പെട്ടു. സൈബർലോകം മാത്രം പരിചിതമായ തലമുറയെ കുറ്റപ്പെടുത്താതെ അവരുടെ സർഗശേഷിയെ കണ്ടെത്തി സാമൂഹിക നവോത്ഥാനത്തിനായി ഉപയോഗപ്പെടുത്തണം.

സാമൂഹിക സേവന രംഗത്ത് സജീവമാകാൻ പിഞ്ചുകുഞ്ഞുങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നുണ്ടെന്ന് സർഗക്കൂട് വിലയിരുത്തി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് സംസ്ഥാന തലത്തിൽ സംഘടിപ്പി ച്ച സർഗവസന്തത്തിൽനിന്ന് വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർഥികളാണ് 'സർഗക്കൂട്' സംഗമത്തിൽ ഒത്തുകൂടിയത്. കുറുക്കോളി മൊയ്തീൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം ആധ്യക്ഷ്യം വഹിച്ചു.

വിസ്ഡം സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി, വിദ്യാഭ്യാസ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ, സർഗക്കൂട് കോഡിനേറ്റർ പി.കെ അംജദ് മദനി, മുജീബ് ഒട്ടുമ്മൽ, വിസ്ഡം സ്റ്റുഡൻറ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ശമീൽ മഞ്ചേരി, ഫസീഹ് പി, ഷംജാസ് കെ അബ്ബാസ്, അസീം ചെമ്പ്ര, ഹസീബ് പെരിമ്പലം, ശഹീദ് ഫാറൂഖി, അൻവർ മാസ്റ്റർ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ■



അബൂറാഷിദ അൽകാസിമി
കുടയത്തൂർ

മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം 07

# മാതൃകായോഗ്യനായ ഭർത്താവ്

നബി(സ്വ) ഓരോ സന്ദർഭത്തിലും സാഹചര്യത്തിലും ചെയ്ത കാര്യങ്ങൾ മനസ്സിലാക്കൽ വിശ്വാസികൾക്ക് ബാധ്യതയാണ്. ഭർത്താവായ നബി(സ്വ)യെ മനസ്സിലാക്കിയാലേ ഒരാൾക്ക് നല്ല ഭർത്താവാൻ സാധിക്കൂ. വിധികളിൽ നീതിമാനായ വിധികർത്താവെന്ന നബി(സ്വ)യെ വായിച്ചറിഞ്ഞാലേ ഒരാൾക്ക് നല്ല ന്യായാധിപനാവാൻ കഴിയൂ. മാതൃകാ നേതാവായ പ്രവാചകനെ മനസ്സിലാക്കിയാലേ ഒരാൾക്ക് മികച്ച നേതൃത്വം വഹിക്കാനാവൂ.

ഇണയുമായുള്ള ഇടപെടലുകളിൽ ഉദാത്ത മാതൃകയും മാർഗദർശിയുമായിരുന്ന നബി(സ്വ). സാമൂഹിക ജീവിതത്തിലും ദാമ്പത്യജീവിതത്തിലും ജനങ്ങളെ സന്മാർഗത്തിന്റെ ഉന്നതങ്ങളിലേക്ക് നയിക്കുന്നതായിരുന്നു പ്രവാചകന്റെ മാതൃക.

“

നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബക്കാർക്ക് നിങ്ങളിൽ ഉത്തമനാണ്. നിങ്ങളിൽനിന്ന് ഞാനാണ് എന്റെ കുടുംബത്തിന് ഏറ്റവും ഉത്തമൻ.”
-നബി(സ്വ)

നബി(സ്വ)യുടെ ഭാര്യമാരോടുള്ള സമീപനം, സത്യവിശ്വാസിനികൾക്ക് പിൻപറ്റാൻ സാധിക്കുന്ന രീതിയിൽ ഭാര്യമാർക്ക് നബി(സ്വ) പഠിപ്പിച്ച ജീവിത ചിട്ട, നബി(സ്വ)യുടെ ഭവനത്തിൽ ഉണ്ടായ പ്രശ്നങ്ങൾക്കുള്ള പരിഹാരം... ഇതിലെല്ലാം കൃത്യമായ മാർഗദർശനമുണ്ട്.

**ഭാര്യമാരോടുള്ള ഇടപെടലുകൾ**

നബി(സ്വ)ക്ക് പതിനൊന്ന് ഭാര്യമാരുണ്ടായിരുന്നു: 1) ഖുവൈലിദിന്റെ മകൾ ഖദീജ(റ). 2) അബൂബക്റി(റ)ന്റെ മകൾ ആഇശ(റ). 3) ഉമറി(റ)ന്റെ മകൾ ഹഫ്സ്വ(റ). 4) സംഅത്തുൽ ആമിരിയ്യ മകൾ സൗദ(റ). 5) ജഹ്ശുൽ അസദിയ്യ മകൾ സൈനബ്(റ). 6) ഹുസൈമ മകൾ സൈനബ്(റ). 7) മഖ്സൂമി ഗോത്രക്കാരിയായ അബൂഉമയ്യയുടെ മകൾ ഹിൻദിന്റെ പുത്രി ഉമ്മുസലമ(റ). 8) അമവീ ഗോത്രത്തിലെ അബൂസുഫ്യാൻ മകൾ ഉമ്മുഹബീബ എന്ന റംല(റ). 9) ഹിലാൽ ഗോത്രക്കാരനായ ഹാരിസിന്റെ പുത്രി മൈമൂന(റ). 10) മുസ്ത്വലഖ് ഗോത്രത്തിലെ ഹാരിസിന്റെ മകൾ ജുവൈരിയ്യ(റ). 11) നള്ർ ഗോത്രത്തിലെ ഹുയയ്യിന്റെ മകൾ സ്വഫിയ്യ(റ).

നബി(സ്വ) ഇഹലോകവാസം വെടിയുന്നതിന് മുമ്പ് ഖുസൈമയുടെ മകൾ സൈനബ്(റ), ഖദീജ (റ) എന്നിവർ മരണപ്പെട്ടു. നബി(സ്വ)യുടെ വിയോഗ സമയത്ത് ഒമ്പതുപേരും ഉണ്ടായിരുന്നു.

നബി(സ്വ) തന്റെ പരിശുദ്ധ ഭാര്യമാരോടൊത്ത് പരിശുദ്ധവും വിജയകരവുമായ ജീവിതമാണ് നയിച്ചത്. ‘അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുണ്ട്’ എന്ന, അല്ലാഹുവിന്റെ വചനത്തെ സൂക്ഷ്മമായി കർമരംഗത്ത് കൊണ്ടുവന്ന മഹാനായ പ്രവാചകൻ(സ്വ) സ്വഭാവത്തിലും പ്രവൃത്തിയിലും വാക്കിലും ജീവിതത്തിന്റെ സമസ്ത മേഖലകളിലും മര്യാദയുടെ ആൾരൂപമായിരുന്നു.

അവിടുന്ന് അരുളി: “നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബക്കാർക്ക് നിങ്ങളിൽ ഉത്തമനാണ്. നിങ്ങളിൽനിന്ന് ഞാനാണ് എന്റെ കുടുംബത്തിന് ഏറ്റവും ഉത്തമൻ.”

ഭാര്യമാരോട് മാധുര്യമൂറുന്ന സമീപനമാണ് പുലർത്തിയിരുന്നത് എന്ന് നബി(സ്വ)യുടെ ചരിത്രം പഠിച്ചാൽ ബോധ്യപ്പെടും. ആ സമീപനം നാം പിൻപറ്റിയാൽ കുടുംബ ജീവിതത്തിലും ദാമ്പത്യ ജീവിതത്തിലുമുള്ള എല്ലാ പ്രശ്നങ്ങൾക്കും അത് പരിഹാരമായിരിക്കും.

വർഷങ്ങൾക്കു മുമ്പ് സൗദിയിൽ ഒരു ത്വലാഖുമായി ബന്ധപ്പെട്ട വിഷയത്തിൽ നീതിന്യായ കോടതി നടത്തിയ പരാമർശം കാണുക: “ദമ്പതിമാരുടെ ഇടയിൽ പ്രശ്നങ്ങൾ സംഭവിക്കുകയും ത്വലാഖ് അധികരിക്കുകയും ചെയ്യുന്നു. നബി(സ്വ) യുടെ വീട്ടിലെ ജീവിതവും അദ്ദേഹത്തിന്റെ ഭാര്യമാരോടുള്ള സമീപനവും ഇടപെടലും അവരോട് കാണിക്കുന്ന ക്ഷമയും അവരുടെ വീഴ്ചകളിൽ നബി(സ്വ) കാണിക്കുന്ന വിട്ടുവീഴ്ചയും കണ്ടില്ല എന്ന് നടിക്കലുമെല്ലാം നാം ജീവിതത്തിലെ പാഠമാക്കേണ്ടതുണ്ട്. കാരണം, അതിൽ വലിയമാതൃകയുണ്ട്.”

*(തുടരും)*

വിവ. അബ്ദുൽ ജബ്ബാർ മദീനി



# കച്ചവടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 04

### കച്ചവടം ദുർബലപ്പെടുത്തൽ

രണ്ട് ഇടപാടുകാർക്കിടയിൽ ഉണ്ടായ കച്ചവട ഉടമ്പടി അവരുടെ തൃപ്തി പ്രകാരം അവസാനിപ്പിക്കലും അസാധുവാക്കലുമാണ് 'ഇക്വാലത്ത്' (കച്ചവടം ദുർബലപ്പെടുത്തൽ). ഇടപാടുകാരിലൊരാൾക്ക് ഇടപാടു നടത്തിയതിലുള്ള ഖേദത്താലോ താൻ ചരക്ക് ആവശ്യമുള്ളവനല്ലെന്ന് വാങ്ങിയവനു ബോധ്യമായതിനാലോ അവനു ചരക്കിന്റെ വില നൽകുവാൻ സാധിക്കാത്തതിനാലോ ഇക്വാലത്ത് സംഭവിക്കാം. അതിനാൽ തന്നെ വിറ്റവനും വാങ്ങിയവനും ഒട്ടും കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ തനിക്കുള്ളത് സ്വീകരിച്ചു കൊണ്ട് പിൻവാങ്ങുന്നു.

'ഇക്വാലത്ത്' മതപരമായി അനുവദനീയമാകുന്നു. അല്ലാഹുവിന്റെ തിരുദൂതൻ(സ്വ) പറഞ്ഞു: "ഒരു മുസ്‌ലിമിനെ (അയാൾ ഇഷ്ടപ്പെടാത്ത) ഒരു ഇടപാടിൽനിന്ന് ആരെങ്കിലും ഒഴിവാക്കിക്കൊടുത്താൽ അന്ത്യനാളിൽ അയാളുടെ അബദ്ധങ്ങൾ അല്ലാഹു അയാൾക്ക് ഒഴിവാക്കിക്കൊടുക്കുന്നതാണ്."

### ബയ്ഉൽ മുറാബഹ

ഇടപാടുകാർക്കിടയിൽ അറിയപ്പെട്ട വിലയ്ക്കും അറിയപ്പെട്ട ലാഭത്തിനും ചരക്ക് വിൽക്കുന്നതിനാണ് 'മുറാബഹ' എന്നു പറയുന്നത്. അതിന്റെ ഉദാഹരണം: ചരക്കിന്റെ ഉടമ ഇപ്രകാരം പറയും: 'ഇതിൽ എന്റെ മൂലധനം നൂറു റിയാലാകുന്നു. ഇത് നൂറു റിയാലി

നും പത്തു റിയാൽ ലാഭത്തിനും ഞാൻ താങ്കൾക്ക് വിൽക്കുന്നു.'

വിൽക്കുന്നവനും വാങ്ങുന്നവനും വിലയുടെ തോതും ലാഭത്തിന്റെ തോതും മനസ്സിലാക്കിയാൽ ഈ രൂപത്തിലുള്ള കച്ചവടം സാധുവാകുന്നു. അല്ലാഹു പറഞ്ഞു: "...കച്ചവടം അല്ലാഹു അനുവദിച്ചിരിക്കുന്നു" (ക്വുർആൻ 2:275).

"സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്" (ക്വുർആൻ 4:29).

ഇടപാടുകാരുടെ സംതൃപ്തി സാക്ഷാൽകൃതമായ കച്ചവടമാകുന്നു മുറാബഹ. അത് അനുവദനീയമാണെന്നത് ആവശ്യകതയുടെ അനിവാര്യ തേട്ടമാകുന്നു. കാരണം, ജനങ്ങളിൽ ചിലർ ഇടപാടു നടത്തുവാൻ കഴിവുള്ളവരാകില്ല. അതിനാൽ അതിന്നായി അയാൾ മറ്റുള്ളവരെ ആശ്രയിക്കുകയും നിർണിതവും അവർക്കിടയിൽ അറിയപ്പെട്ടതുമായ ഒരു ലാഭം കൂട്ടി നൽകുകയും ചെയ്യുന്നു.

### ബയ്ഉ ബിത്തക്സീത്

തുകക്ക് അവധിവെച്ചുള്ള കച്ചവടമാണ് 'ബയ്ഉ ബിത്തക്സീത്.' കച്ചവടക്കാരന് ഗഡുക്കൾ ആയിട്ടാണ് പ്രസ്തുത തുക നൽകപ്പെടുക. തുക ചരക്കിനു തുല്യമായാലും അല്ലെങ്കിൽ അവധിവെക്കപ്പെട്ടതിനാൽ ചരക്കിനെക്കാൾ കൂടുതലായാലും ശരി.

കൂടുതലാകുന്നതിന്റെ ഉദാഹരണം: റൊക്കം കാശ് നാൽപതിനായിരവും അവധിവെച്ച് അറുപതിനായിരവും വിലയുള്ള ഒരു കാറ് കച്ചവടക്കാരന്റെ കൈയിലുണ്ടാവുകയും ഒരോ മാസാവസാനത്തിലും അയ്യായിരം നൽകി പന്ത്രണ്ട് തവണകളായി സംഖ്യ അടച്ചു തീർക്കണമെന്ന് വാങ്ങുന്നവനുമായി അയാൾ കരാറാവുകയും ചെയ്യുക.

> കച്ചവട ഉടമ്പടിയുടെ വേളയിൽ ചരക്ക് കച്ചവടക്കാരന്റെ ഉടമസ്ഥതിയിലും കൈകാര്യകർതൃത്വത്തിലുമായിരിക്കണം. ചരക്കിന്റെ വിലയിൽ യോജിപ്പിലെത്തുകയും തുകയുടെയും തവണകളുടെയും അളവും സമയവും നിശ്ചയിച്ചതിനുശേഷം കച്ചവടക്കാരൻ ചരക്കു വാങ്ങി വാങ്ങുന്നവനെ ഏൽപിക്കലും അനുവദനീയമാകില്ല. കാരണം അത് ഹറാമാകുന്നു. തിരുനബി(സ്വ) പറഞ്ഞു: "നിന്റെ അടുക്കലില്ലാത്തത് നീ വിൽക്കരുത്."

മതവിധി: ബയ്ഉ ബിത്തക്സീത് അനുവദനീയമാകുന്നു. അവധിവെച്ചുള്ള കച്ചവടം അനുവദനീയമെന്ന പെതുവിധിയിൽ അതുൾപെടുമെന്നതിനാലാണത്. ആഇശ(റ)യിൽനിന്നു നിവേദനം: "തിരുദൂതർ(സ്വ) ഒരു ജൂതനിൽനിന്ന് അവധിവെച്ചുകൊണ്ട് ഭക്ഷണം വാങ്ങി. ജൂതന് തന്റെ ഇരുമ്പിനാലുള്ള അങ്കി അതിനു പണയമായി നൽകുകയും ചെയ്തു."

ആഇശ(റ)യിൽനിന്നുള്ള, ബുഖാരിയും മുസ്ലിമും നിവേദനം ചെയ്യുന്ന ഹദീസാണ് ഘഡുക്കളായി വില നൽകാമെന്നത് അറിയിക്കുന്നത്:

"ബരീറ(റ) പറഞ്ഞു: പ്രതിവർഷം ഓരോ ഊകിയ എന്ന നിലയിൽ ഒമ്പത് ഊകിയ നൽകിക്കൊള്ളാം എന്ന വ്യവസ്ഥയിൽ ഉടമസ്ഥരുമായി വിമോചനക്കരാറിലേർപ്പെട്ടിരിക്കുന്നു."

അബ്ദുല്ലാഹ് ഇബ്നു അംറി(റ)ൽനിന്നുള്ള ഹദീസാണ് അവധിക്കു പകരമായി വില കൂട്ടാമെന്നത് അറിയിക്കുന്നത്. അദ്ദേഹം രണ്ടോ മൂന്നോ ഒട്ടകങ്ങൾ തന്നുകൊള്ളാമെന്ന വ്യവസ്ഥയിൽ ഒരു ഒട്ടകത്തെ സ്വീകരിക്കുമായിരുന്നു. അങ്ങനെ തിരുദൂതരുടെ കൽപന പ്രകാരം അദ്ദേഹം സകാത്തിന്റെ ഒട്ടകങ്ങളിൽ നിന്ന് അത് വീട്ടുകയുണ്ടായി. ബയ്ഹകിയും ദാറകുത്നിയും ഇതു നിവേദനം ചെയ്തിട്ടുണ്ട്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചിട്ടുമുണ്ട്.

ഈ രീതിയിലുള്ള കച്ചവടത്തിൽ വിൽക്കുന്നവനും വാങ്ങുന്നവനും നേട്ടമുണ്ട്. കച്ചവടക്കാരന് തന്റെ വിൽപനച്ചരക്ക് വർധിപ്പിക്കുവാനും വ്യത്യസ്ത ശൈലിയിൽ അത് വിൽപന നടത്തുവാനും സാധിക്കുന്നു. അയാൾ റൊക്കം കാശിനും ഘഡുക്കളായും വിൽപന നടത്തും. ഘഡുക്കളാക്കുന്ന വേളയിൽ അവധിവെ ക്കുന്നതിനു പകരമായി വിലയിലുള്ള മെച്ചം അയാൾക്ക് ഉപകരിക്കും. ഇപ്രകാരമാണ് വാങ്ങുന്നവനും; കൈയിൽ ചരക്കിന്റെ തുകയില്ലെങ്കിലും അവൻ ചരക്ക് കരസ്ഥമാക്കുന്നു. ശേഷം അതിന്റെ വില അവൻ ഘഡുക്കളായി അടക്കുകയും ചെയ്യുന്നു.

### ബയ്ഉ ബിത്തക്സീത് സാധുവാകുവാനുള്ള നിബന്ധനകൾ:

കച്ചവടത്തിന്റെ മേൽപറഞ്ഞ നിബന്ധനകളോടൊപ്പം ബയ്ഉ ത്തക്സീത് സാധുവാകുവാൻ താഴെ വരുന്നവ കൂടി നിബന്ധന

യാക്കപ്പെടും:

1. കച്ചവട ഉടമ്പടിയുടെ വേളയിൽ ചരക്ക് കച്ചവടക്കാരന്റെ ഉടമസ്ഥതിയിലും കൈകാര്യകർതൃത്വത്തിലുമായിരിക്കണം. ചരക്കിന്റെ വിലയിൽ യോജിപ്പിലെത്തുകയും തുകയുടെയും തവണകളുടെയും അളവും സമയവും നിശ്ചയിച്ചതിനുശേഷം കച്ചവടക്കാരൻ ചരക്കു വാങ്ങി വാങ്ങുന്നവനെ ഏൽപിക്കലും അനുവദനീയമാകില്ല. കാരണം അത് ഹറാമാകുന്നു. തിരുനബി (സ്വ) പറഞ്ഞു: "നിന്റെ അടുക്കലില്ലാത്തത് നീ വിൽക്കരുത്."

2. ഇടപാടിന്റെ സമയത്ത് ഒത്തുതീർപ്പിലായ സംഖ്യയെക്കാൾ കൂടുതൽ സംഖ്യ ഗഡുക്കളടക്കുന്നത് വൈകുന്ന അവസരത്തിൽ നൽകുവാൻ വാങ്ങുന്നവനെ നിർബന്ധിക്കൽ ഉടമ്പടിയുടെ സമയത്തോ അതിനു ശേഷമോ അനുവദനീയമല്ല. കാരണം അത് നിഷിദ്ധമായ പലിശയാകുന്നു.

3. ഘടുക്കളിൽ അവധിയെത്തിയത് അടച്ചുതീർക്കുന്നതിൽ അനാസ്ഥ കാണിക്കൽ സമ്പന്നന് ഹറാമാകുന്നു.

4. കച്ചവടത്തിനു ശേഷം ചരക്കിന്റെ ഉടമസ്ഥത പറഞ്ഞ് അത് കൈവശം സൂക്ഷിക്കുവാൻ കച്ചവടക്കാരന് യാതൊരു അവകാശവുമില്ല. എന്നാൽ, അവധി വെക്കപ്പെട്ട ഘടുക്കൾ വീട്ടുന്നതിൽ തന്റെ അവകാശം സംരക്ഷിക്കപ്പെടുവാൻ ചരക്കിനെ ഒരു പണയമാക്കുവാൻ വാങ്ങുന്നവനോട് നിബന്ധനവെക്കൽ അയാൾക്ക് അനുവദനീയമാണ്.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).* ■

കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ
: 9947452245



# എം. മുഹമ്മദ് മദനി; ബാക്കിവച്ച നൻമകൾ

1969ൽ പുളിക്കൽ മദീനത്തുൽ ഉലൂം അറിക്കോളേജിൽ വിദ്യാർഥിയായി ചേർന്ന കാലം മുതൽ ചിരപരിചിതമായ പേരുകളിലൊന്നായിരുന്നു മുഹമ്മദ് മദനി. അതിന്നു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, കോളേജിൽ ഞങ്ങളുടെ വന്ദ്യഗുരുവായിരുന്ന എം. ആലിക്കുട്ടി മൗലവിയുടെ ഉറ്റബന്ധുവായിരുന്നു മുഹമ്മദ് മദനി. എന്നെക്കാളും ആറേഴു വർഷം സീനിയറാണെങ്കിലും ഇടയ്ക്ക് കോളേജിൽ വരികയും ഞങ്ങളുമായി സുഹൃദ് ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. മറ്റൊന്ന് അക്കാലത്ത്  മുജാഹിദ് വേദികളിൽ മദനി നല്ലൊരു പ്രഭാഷകനായിരുന്നു. കൊടുങ്കാറ്റ്-ചിന്ത-കണ്ണുനീർ പ്രഭാഷണങ്ങൾ എന്ന് ഞങ്ങൾ വിദ്യാർഥികൾ തമാശയായി പറഞ്ഞിരുന്ന മൂന്ന് പ്രഭാഷകരിൽ ഒരാളായിരുന്നു മദനി. തൗഹീദും മുജാഹിദ്  ആദർശവും ഏതു പ്രക്ഷുബ്ധമായ സാഹചര്യങ്ങളിലും കടുത്ത ഭാഷയിൽ പ്രതികൂലികളെ ഭയപ്പെടുത്തുന്ന ശൈലിയിൽ പ്രസംഗിച്ചിരുന്ന കെ.വി മൂസ സുല്ലമിയെ കൊടുങ്കാറ്റായും, ഏതു എതിരാളിയെയും കാതും കണ്ണും കൂർപ്പിച്ചു

നിർത്തി, ഇരുത്തിച്ചിന്തിപ്പിപ്പ് ആദർശം പറഞ്ഞിരുന്ന കെ.കെ മുഹമ്മദ് സുല്ലമിയെ ചിന്താ പ്രഭാഷകനായും, എത്ര വലിയ കഠിന ഹൃദയമുള്ള ശത്രുവിന്റെയും കരളലിയിപ്പിച്ച് പരലോക ബോധത്തിൽ ഇഹലോക ജീവിതത്തെപ്പറ്റി ബോധവൽക്കരിച്ചിരുന്ന മദനിയെ കണ്ണുനീർ പ്രഭാഷകനെന്നുമാണ് കുട്ടികൾ വിശേഷിപ്പിച്ചിരുന്നത്. ഈ പ്രഭാഷകത്രയങ്ങളായിരുന്നു അക്കാലത്ത് പല വിജ്ഞാന വേദികളെയും പഠന ക്യാമ്പുകളെയും അലങ്കരിച്ചിരുന്നത്.

അന്നു മുതൽ പരിചയമുള്ള മദനിയുമായുള്ള ബന്ധം, പിന്നീട് അകന്ന ഒരു കുടുംബ ബന്ധു കൂടിയായി വളർന്നു. കുടുംബത്തോടൊപ്പം ഹജ്ജ് യാത്രയടക്കം മറ്റു പല പ്രസ്ഥാന യാത്രകളും ചെയ്തു. എന്തു കാര്യവും ഗൗരവമില്ലാതെ, ചിലപ്പോൾ നർമഭാവത്തിൽ കണ്ടിരുന്ന മദനിയുമായി ആ ബന്ധം ഊഷ്മളമായിത്തന്നെ നിലനിർത്തി. മുഹമ്മദ് മദനി സംഘടനയുടെ നേതൃസ്ഥാനത്ത് വന്നപ്പോഴും മദീനത്തുൽ ഉലൂമിന്റെ പ്രിൻസിപ്പാൾ സ്ഥാനം വഹിച്ചപ്പോഴുമെല്ലാം-മറ്റു പല വ്യക്തി ബന്ധങ്ങളെ അപേക്ഷിച്ച്-എന്നും ഊഷ്മളമായി സൗഹൃദബന്ധം നിലനിർത്താൻ കഴിഞ്ഞിരുന്നു. അതിനു കാരണംമദനിയോടുള്ള എന്റെ സമീപനത്തെക്കാൾ മദനിയുടെ വ്യക്തിത്വമായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുമുണ്ട്.

സംഘടനാപരമായ വിള്ളലുകളുണ്ടായപ്പോൾ ഒരിക്കൽ മദനി വിളിച്ചു. 'എടാ, എന്താണ് നിന്റെ നിലപാട്?' മദനി തന്റെ സമപ്രായക്കാരെയും താഴെയുള്ളവരെയും 'എടാ' എന്നു വിളിച്ചാൽ അത് മനസ്സിലൊളിപ്പിച്ച സ്നേഹത്തിന്റെ കോഡ് ഭാഷയാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. മദനിയുടെ വിളികേട്ട് ഞാൻ അടുത്തു ചെന്ന് പറഞ്ഞു: 'മദനീ, മതപ്രവർത്തനം പരലോക വിജയത്തിന്നുള്ളതല്ലേ? എന്തു പ്രശ്നങ്ങളുണ്ടായാലും അവനവന്റെ പരലോക രക്ഷക്ക് കേട് സംഭവിക്കാത്ത നിലപാട് എടുക്കണമെന്നാണ എന്റെ പക്ഷം.' ഇതു കേട്ട് പുഞ്ചിരിയോടെ മദനി പറഞ്ഞു: 'ജ്ജൊന്ന് പോയാ ഇവിടുന്ന്.' ആ നാടൻ പ്രയോഗത്തിൽ നർമവും നസ്വീഹത്തും നന്മ നിറഞ്ഞ മനസ്സിന്റെ തെളിച്ചവും നിറഞ്ഞു നിന്നിരുന്നുവെന്ന് ഓർക്കുന്നു.

ഏതായാലും മദനിയും നമ്മോട് വിടപറഞ്ഞു. ഒന്നിച്ചൊരുമിച്ച് ആദർശപ്പെരുമയിൽ കഴിഞ്ഞു കൂടിയിരുന്ന നാടുകളും നാളുകളും ആളുകളും ഓർമകളായി മാറുന്നു. ഈ കുറിപ്പ് അവസാനിപ്പിക്കുമ്പോൾ ഓർമ വരുന്ന ഒരു പ്രാർഥന കൂടി ഇവിടെ ചേർക്കുന്നു. ആഇശ(റ) ഉദ്ധരിക്കുന്നു: "നബി(സ്വ) രാത്രി എഴുന്നേറ്റ് നിസ്കരിക്കുമ്പോൾ പ്രാരംഭത്തിൽ ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവേ, ജിബ്രീലിന്റെ നാഥാ, മീകാഈലിന്റെയും ഇസ്റാഫീലിന്റെയും നാഥാ, ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, അദൃശ്യവും ദൃശ്യവുമറിയുന്ന നാഥാ, നിന്റെ അടിമകൾക്കിടയിൽ അവർ അഭിപ്രായ വ്യത്യാസത്തിലായ കാര്യങ്ങളിൽ വിധികർത്താവ് നീ മാത്രം. സത്യമാർഗത്തിൽ ഭിന്നതയുള്ള ഏതു കാര്യത്തിലും എന്നെ നീ നേർമാർഗത്തിലേക്ക് ചേർക്കേണമേ. നിശ്ചയം, നീയാണ് നീ ഉദ്ദേശിച്ചവരെ നേർമാർഗത്തിൽ ചേർക്കുന്നവൻ (സ്വഹീഹ് മുസ്‌ലിം).

മദനിക്കും നമ്മിൽ നിന്ന് മരിച്ചുപോയ എല്ലാവർക്കും അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ-ആമീൻ.

കൊടുങ്കാറ്റ്-ചിന്ത-കണ്ണുനീർ പ്രഭാഷണങ്ങൾ എന്ന് ഞങ്ങൾ വിദ്യാർഥികൾ തമാശയമയായി പറഞ്ഞിരുന്ന മൂന്ന് പ്രഭാഷകരിൽ ഒരാളായിരുന്നു മദനി. തൗഹീദും മുജാഹിദ് ആദർശവും ഏതു പ്രക്ഷുബ്ധമായ സാഹചര്യങ്ങളിലും കടുത്ത ഭാഷയിൽ പ്രതികൂലികളെ ഭയപ്പെടുത്തുന്ന ശൈലിയിൽ പ്രസംഗിച്ചിരുന്ന കെ.വി മൂസ സുല്ലമിയെ കൊടുങ്കാറ്റായും, ഏതു എതിരാളിയെയും കാതും കണ്ണും കൂർപ്പിച്ചു നിർത്തി, ഇരുത്തിച്ചിന്തിപ്പിപ്പ് ആദർശം പറഞ്ഞിരുന്ന കെ.കെ മുഹമ്മദ് സുല്ലമിയെ ചിന്താ പ്രഭാഷകനായും, എത്ര വലിയ കഠിന ഹൃദയമുള്ള ശത്രുവിന്റെയും കരളലിയിപ്പിച്ച് പരലോക ബോധത്തിൽ ഇഹലോക ജീവിതത്തെപ്പറ്റി ബോധവൽക്കരിച്ചിരുന്ന മദനിയെ കണ്ണുനീർ പ്രഭാഷകനെന്നുമാണ് കുട്ടികൾ വിശേഷിപ്പിച്ചിരുന്നത്. ഈ പ്രഭാഷകത്രയങ്ങളായിരുന്നു അക്കാലത്ത് പല വിജ്ഞാന വേദികളെയും പഠന ക്യാമ്പുകളെയും അലങ്കരിച്ചിരുന്നത്.

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

63. ജനങ്ങൾ അന്ത്യസമയത്തെപ്പറ്റി നിന്നോട് ചോദിക്കുന്നു. പറയുക: 'അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു.' നിനക്ക് (അതിനെപ്പറ്റി) അറിവുനൽകുന്ന എന്തൊന്നാണുള്ളത്? അന്ത്യസമയം ഒരുവേള സമീപസ്ഥമായിരിക്കാം.

64. തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

65. എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല.

66. അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: 'ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!'

67. അവർ പറയും: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്.'

68. 'ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻ ശാപം ഏൽപിക്കുകയും ചെയ്യണമേ (എന്നും അവർ പറയും).

69. സത്യവിശ്വാസികളേ, നിങ്ങൾ മൂസാ നബിയെ ശല്യപ്പെടുത്തിയവരെപ്പോലെയാകരുത്. എന്നിട്ട് അല്ലാഹു അവർ പറഞ്ഞതിൽനിന്ന് അദ്ദേഹത്തെ മുക്തനാക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ ഉൽകൃഷ്ടനായിരിക്കുന്നു

يَسْأَلُكَ النَّاسُ عَنِ السَّاعَةِ ۖ قُلْ إِنَّمَا
عِلْمُهَا عِنْدَ اللَّهِ ۚ وَمَا يُدْرِيكَ لَعَلَّ السَّاعَةَ
تَكُونُ قَرِيبًا ﴿٦٣﴾

إِنَّ اللَّهَ لَعَنَ الْكَافِرِينَ وَأَعَدَّ لَهُمْ سَعِيرًا ﴿٦٤﴾

خَالِدِينَ فِيهَا أَبَدًا ۖ لَا يَجِدُونَ وَلِيًّا وَلَا
نَصِيرًا ﴿٦٥﴾

يَوْمَ تُقَلَّبُ وُجُوهُهُمْ فِي النَّارِ يَقُولُونَ يَا
لَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولَا ﴿٦٦﴾

وَقَالُوا رَبَّنَا إِنَّا أَطَعْنَا سَادَتَنَا وَكُبَرَاءَنَا
فَأَضَلُّونَا السَّبِيلَا ﴿٦٧﴾

رَبَّنَا آتِهِمْ ضِعْفَيْنِ مِنَ الْعَذَابِ وَالْعَنْهُمْ
لَعْنًا كَبِيرًا ﴿٦٨﴾

يَا أَيُّهَا الَّذِينَ آمَنُوا لَا تَكُونُوا كَالَّذِينَ
آذَوْا مُوسَىٰ فَبَرَّأَهُ اللَّهُ مِمَّا قَالُوا ۚ وَكَانَ عِنْدَ
اللَّهِ وَجِيهًا ﴿٦٩﴾

63) മനുഷ്യർ അന്ത്യനാൾ സംഭവിക്കുന്ന സമയത്തെക്കുറിച്ച് അന്വേഷിക്കുന്നു. അതിനവർ തിരക്ക് കൂട്ടുന്നു. ചിലർ ചോദിക്കുന്നത് അതിന്റെ സംഭവ്യത നിഷേധിക്കാനാണ്. മറ്റു ചിലർ അത് അസാധ്യമെന്ന് കാണിക്കാനാണ്. (നബിയേ, പറയുക) അവരോട്. (അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു) അതായത് അല്ലാഹുവിനല്ലാതെ അത് അറിയുകയില്ല. എനിക്കോ ഞാനല്ലാത്തവർക്കോ അതിനെക്കുറിച്ച് ഏതായാലും അറിയില്ല. അതു വൈകാനും സാധ്യതയില്ല. (അതിനെക്കുറിച്ച് നിനക്ക് അറിവ് നൽകുന്ന എന്താണുള്ളത്? അന്ത്യസമയം ഒരു വേള സമീപസ്ഥമായിരിക്കാം).

അന്ത്യസമയത്തിന്റെ വരവ് അടുത്താണോ അകലെയാണോ എന്നറിയിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പ്രധാനം, അത് വരുമ്പോൾ നഷ്ടമാണോ ലാഭമാണോ കഷ്ടപ്പാടാണോ സൗഭാഗ്യമാണോ എന്നതിൽ മാത്രമാണ്. ഒരാൾ അന്ന് പ്രതിഫലത്തിനർഹനാകുമോ അതോ ശിക്ഷക്ക് അർഹനാകുമോ എന്നതാണ്. അത് വഴിയെ നാം നിങ്ങൾക്ക് അറിയിച്ചു തരും എന്ന് അല്ലാഹു പറയുന്നു. ശിക്ഷക്കർഹൻ ആരാണെന്ന് വിശദീകരിക്കുന്നു. ഇത് ഏറ്റവും യോജിക്കുന്നത് അന്ത്യദിനത്തെ കളവാക്കുന്നവർക്ക് തന്നെയാണ്. (തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിച്ചിരിക്കുന്നു) അവിശ്വാസം തങ്ങളുടെ പ്രകൃതിയായി മാറുകയും അല്ലാഹുവിലും അവന്റെ ദൂതരിലും അവർ കൊണ്ടുവന്നതിലും അവിശ്വസിക്കുന്നതിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നു. അതിനാൽ, അവൻ അവരെ ഇഹത്തിലും പരത്തിലും തന്റെ കാരുണ്യത്തിൽനിന്ന് അകറ്റി. അത് മതിയായ ശിക്ഷയാണ്. (അവർക്ക് ജ്വലിക്കുന്ന നരകവും അവൻ തയ്യാറാക്കി) അതായത് അവരുടെ ശരീരങ്ങളെ ദഹിപ്പിക്കുന്ന ഒരു തീ. ആ ശിക്ഷ അവരുടെ ഹൃദയങ്ങളിൽ എത്തും. ആ കഠിന ശിക്ഷയിൽ അവർ ശാശ്വതരായിരിക്കും. അതിൽനിന്ന് അവർ പുറത്ത് വരില്ല. അൽപനേരത്തേക്ക് പോലും അതവർക്ക് കുറയുകയുമില്ല. അവരിൽ നിന്നുള്ള ശിക്ഷ ഒഴിവാക്കാൻ (ഒരു സഹായിയെയും രക്ഷാധികാരിയെയും) അവർ കണ്ടെത്തുകയില്ല. മാത്രമല്ല എല്ലാ രക്ഷാധികാരികളും സഹായികളും അവരെ കയ്യൊഴിയും. ജ്വലിക്കുന്ന നരകം അവരെ വലയം ചെയ്യും. അതാണ് അല്ലാഹു പറഞ്ഞത്: (അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം) അവരതിന്റെ ചൂടനുഭവിക്കും, അവർക്കത് അത്യധികം ബുദ്ധിമുട്ടുണ്ടാക്കും. അവർ പണ്ട് ചെയ്തതിന് ഖേദം പ്രകടിപ്പിക്കും. (അവർ പറയും; ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചെങ്കിൽ എത്ര നന്നായിരുന്നേനെ) എങ്കിൽ ഈ ശിക്ഷയിൽനിന്ന് നാം രക്ഷപ്പെട്ടേനെ. അല്ലാഹുവിനെ അനുസരിച്ച് ജീവിച്ചവരുടെ പ്രതിഫലം നമുക്കും ലഭിക്കുമായിരുന്നു. പക്ഷേ, ആഗ്രഹത്തിന്റെ സമയം അവസാനിച്ചു. ഖേദവും ദുഖവും വേദനയും സങ്കടവുമല്ലാതെ മറ്റൊരു പ്രയോജനവും ലഭിക്കില്ല.

68) (അവർ പറയും; ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും പ്രമുഖന്മാരെയും അനുസരിക്കുകയും) അവർ കാണിച്ച വഴികേട് ഞങ്ങൾ അനുകരിച്ചു. (അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയാണ് ഉണ്ടായത്).

وَيَوْمَ يَعَضُّ الظَّالِمُ عَلَىٰ يَدَيْهِ
يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ
سَبِيلًا ﴿٢٧﴾ يَا وَيْلَتَىٰ لَيْتَنِي لَمْ أَتَّخِذْ
فُلَانًا خَلِيلًا ﴿٢٨﴾ لَقَدْ أَضَلَّنِي عَنِ
الذِّكْرِ بَعْدَ إِذْ جَاءَنِي ۗ وَكَانَ الشَّيْطَانُ
لِلْإِنسَانِ خَذُولًا ﴿٢٩﴾

"അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം; അവൻ പറയും: റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ, ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയ ശേഷം അതിൽനിന്ന് അവൻ എന്നെ തെറ്റിച്ച് കളഞ്ഞുവല്ലോ" (25:27-29).

68) അവരും അവരുടെ നേതാക്കളും ശിക്ഷക്ക് അർഹരാണെന്ന് അവർ മനസ്സിലാക്കുമ്പോൾ അവരെ വഴിതെറ്റിച്ചവരോട് പ്രതികാരം ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. അതിനാൽ അവർ പറയും: (ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻ ശാപം ഏൽപിക്കുകയും ചെയ്യേണമേ) അപ്പോൾ അല്ലാഹു പറയും: (എല്ലാവർക്കും ഇരട്ടിയുണ്ട്" (അഅ്റാഫ് 38). കാരണം, നിങ്ങൾ എല്ലാവരും അവിശ്വാസത്തിലും പാപത്തിലു പങ്കുചേർന്നു. അതിനാൽ നിങ്ങൾ ശിക്ഷയിലും പങ്കുചേരും. എന്നിരുന്നാലും ഓരോരുത്തർക്കും അവരുടെ പാപത്തിന്റെ അളവനുസരിച്ച് ശിക്ഷ വ്യത്യാസപ്പെടും.

69) ഇവിടെ അല്ലാഹു വിശ്വാസികളായ അടിമകൾക്ക് അവന്റെ ദൂതനായ മുഹമ്മദ് നബി(സ്വ)യെ ദ്രോഹിക്കുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. അവർ ചെയ്യേണ്ടിയിരുന്നത് അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയായിരുന്നു. എന്നാൽ അതിന് വിപരീതമാണ് അവർ ചെയ്തത്. മൂസാനബി(അ) യെ അദ്ദേഹത്തിന്റെ അനുയായികൾ ഉപദ്രവിച്ചതുപോലെ നിങ്ങൾ ഉപദ്രവിക്കരുത്. അവർ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ മോശമായ കാര്യങ്ങളിൽ അദ്ദേഹം നിരപരാധിയാണെന്ന് അല്ലാഹു വ്യക്തമാക്കി. കുറ്റപ്പെടുത്താനോ അപകീർത്തിപ്പെടുത്താനോ ഒരു കാരണവുമില്ലാത്തത്ര ഉയർന്ന പദവിയിലാണ് മൂസാ(അ) ഉള്ളത്. കാരണം അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ മാന്യനും അവനോട് അടുപ്പമുള്ളവനുമായിരുന്നു. ജൂതൻമാരിൽനിന്നും അല്ലാഹു പ്രത്യേകം തിരഞ്ഞെടുത്തവനും നിഷ്കളങ്കനായ ഒരു ദാസനുമാണ്. ഇതൊന്നും അദ്ദേഹത്തെ ഉപദ്രവിക്കുന്നതിൽ നിന്നും അപകീർത്തിപ്പെടുത്തുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചില്ല. അതിനാൽ സത്യവിശ്വാസികളേ, നിങ്ങൾ അവരെപ്പോലെ ആകാതിരിക്കാൻ ശ്രദ്ധിക്കുക. ഇവിടെ പരാമർശിച്ചിരിക്കുന്ന അപകീർത്തിപരമായ പരാമർശങ്ങൾ മൂസാ നബി (അ) യെക്കുറിച്ച് ഇസ്റാഈൽ സന്തതികൾ പറഞ്ഞതാണ്. അദ്ദേഹത്തെ അവർ അങ്ങേയറ്റം ലജ്ജയുള്ളവനും അവരിൽനിന്ന് മറച്ച് വെക്കാൻ ശ്രദ്ധിക്കുന്നവനുമാണെന്ന് കണ്ടു. മറച്ചു വെക്കുന്നത് അദ്ദേഹത്തിന് വൃഷ്ണത്തിന് നീർക്കെട്ട് വരുന്ന ഒരു രോഗം ഉണ്ടായതുകൊണ്ടാണെന്നും അവർ പറഞ്ഞു. ഇത് അവർക്കിടയിൽ പൊതുവായി പറഞ്ഞിരുന്ന ഒരു കാര്യമായിരുന്നു. അതിൽനിന്ന് അദ്ദേഹം മുക്തനാണെന്ന് തെളിയിക്കാൻ അല്ലാഹു ഉദ്ദേശിച്ചു. ഒരു ദിവസം മൂസാനബി(അ) കുളിച്ചുകൊണ്ടിരിക്കെ അദ്ദേഹം തന്റെ വസ്ത്രം ഒരു പാറയിൽ അഴിച്ചുവെച്ചു. ആ പാറ വസ്ത്രവുമായി ഓടിപ്പോയി. മൂസാനബി(അ) അതിനെ പിന്തുടർന്നു. അങ്ങനെ അദ്ദേഹം ബനൂ ഇസ്റാഈല്യരുടെ ഒരു സമ്മേളന സ്ഥലത്തുകൂടി കടന്നുപോയി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും മികച്ചതും അവർ കുറ്റപ്പെടുത്തിയതിൽനിന്ന് അദ്ദേഹം സ്വതന്ത്രനാണെന്നും അവർ കണ്ടു. ■

സഹല ഷെറിൻ ചെർപ്പുളശ്ശേരി
(അറബിക് അക്കാദമി, പെരിന്തൽമണ്ണ)



കാലമെത്ര പുരോഗമിച്ചിട്ടും ആളുകളുടെ ചില ചിന്താഗതികൾക്ക് ഒരു മാറ്റവുമില്ല. കേരളം ഉയർന്ന വിദ്യാഭ്യാസമുള്ള ഒരു സംസ്ഥാനമായിട്ടു പോലും മലയാളികൾ ചെന്നു ചാടാത്ത കെണികളില്ല. ചെയ്യാത്ത തെറ്റുകളില്ല. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ, നിറത്തിന്റെ പേരിലുള്ള അവഹേളനം പോലുള്ളവ പരിഷ്കൃത സമൂഹത്തിൽ നിലനിൽക്കുന്നു എന്നത് ലജ്ജാവഹമാണ്. നിസ്സാര പ്രശ്നത്തിന്റെ പേരിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും വർധിച്ചുകൊണ്ടിരിക്കുന്നു.

ഒരു കല്യാണം നിശ്ചയിച്ചതു
മുതൽ ആശങ്കകളാണ്. കല്യാണം
ഗംഭീരമായില്ലെങ്കിൽ മാനക്കേടാണ്.
അതിനാൽ സാമ്പത്തികമായി മെച്ചമുള്ളവരും
ഇല്ലാത്തവരും മത്സരത്തിലാണ്. ഉള്ളവർ
ദുർവ്യയവും ധൂർത്തും നടത്തുന്നു.
ഇല്ലാത്തവർ കടംവാങ്ങിയും പൊങ്ങച്ചം
കാണിക്കുന്നു. കല്യാണശേഷം
ഭർതൃവീട്ടിൽനിന്ന് പെൺകുട്ടികൾ
അനുഭവിക്കുന്ന പൊല്ലാപ്പുകൾ വേറെ.

തൊലിയുടെ നിറം അൽപം കുറഞ്ഞുപോയി



# മാറ്റാൻ കഴിയില്ലേ ഈ ശീലങ്ങൾ?

എന്നതിന്റെ പേരിലുള്ള ഭർതൃവീട്ടുകാരുടെ ആക്ഷേപം സഹിക്കവയ്യാതെ നമ്മുടെ നാട്ടിൽ ഈയിടെ പെൺകുട്ടി ആത്മഹത്യ ചെയ്യുകയുണ്ടായി. കൊച്ചുകുട്ടികൾ പോലും നിസ്സാര കാരണങ്ങളാൽ ആത്മഹത്യ ചെയ്യുന്നു. പ്രയാസങ്ങൾ സഹിക്കാനുള്ള മനക്കരുത്ത് എല്ലാവർക്കും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ബോഡി ഷൈമിങ് നടത്തുക എന്നത് വളരെ വൃത്തികെട്ട സ്വഭാവമാണ്. നിറത്തിലും സൗന്ദര്യത്തിലും ബുദ്ധിയിലും കഴിവിലുമൊക്കെ ഏറ്റക്കുറവുകൾ കാണുക എന്നത് സ്വാഭാവികമാണ്. ചിലർക്ക് അംഗവൈകല്യമുണ്ടായേക്കാം. എന്നാൽ മറ്റുള്ളവരെക്കാൾ എന്തെങ്കിലും കഴിവുകൾ അവർക്ക് നൽകപ്പെട്ടിരിക്കാം. ശാരീരികമായ ന്യൂനതകളുടെ പേരിൽ മറ്റുള്ളവരെ പരിഹസിക്കുന്നവർ വലിയ പാതകമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കുന്നില്ല.

ഈ വിഷയത്തിൽ ഖുർആൻ നൽകുന്ന വെളിച്ചം കാണുക: "സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ" (49:11).

പലരും പലതും പറഞ്ഞു പ്രചരിപ്പിക്കുന്നത് ഊഹത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ചിലപ്പോൾ ചെറിയ ന്യൂനത പർവതീകരിച്ചു പറയുന്നതായിരിക്കും. ഇതൊന്നും ഇസ്‌ലാം അംഗീകരിക്കുന്നില്ല: "സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (49:12).

അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടും പ്രതിഫലം പ്രതീക്ഷിച്ചും നല്ലത് മാത്രം ചെയ്യുക, തിന്മകൾ വെടിയുക. പ്രയാസങ്ങളെ ക്ഷമയോടെ നേരിടുക. ■



# പരിമിതിയെ വെല്ലുവിളിയാക്കുമ്പോൾ

ഇബ്നു അലി എടത്തനാട്ടുകര
: 94461 51577

രാവിലെ ജിമ്മിൽനിന്ന് ഇറങ്ങി മോട്ടോർ സൈക്കിളിൽ കേറുമ്പോഴാണ് അദ്ദേഹത്തെ കണ്ടത്. ബൈക്ക് കോംപ്ലക്സിൽ പാർക്ക് ചെയ്ത് ഇറങ്ങുമ്പോഴാണ് എന്നോട് ആംഗ്യം കാണിച്ചത്. മുദ്ര മനസ്സിലായ ഞാൻ അദ്ദേഹത്തിന് ലിഫ്റ്റ് കൊടുക്കാനായി ബൈക്ക് ചേർത്തുനിറുത്തി. ലിഫ്റ്റ് ചോദിക്കുന്നത് 300 മീറ്ററിൽ കുറവ് ദൂരത്തുള്ള ബസ് സ്റ്റോപ്പിലേക്കാണ്.

സർക്കാർ ജീവനക്കാരനാണദ്ദേഹം. 30 കിലോമീറ്റർ അകലെയുള്ള പട്ടണത്തിലാണ് ആ മുപ്പത്തിയഞ്ചുകാരൻ ജോലി ചെയ്യുന്നത്. അദ്ദേഹത്തിന്റെ സ്കൂട്ടറിൽ പിന്നിലെ ചക്രത്തിന് ഇരുവശവും ഓരോ ചക്രം വീതം കൂടുതൽ ഘടിപ്പിച്ചിട്ടുണ്ട്. കാലുകൾക്ക് സ്വാധീനക്കുറവുണ്ട്. വല്ലാതെ കുനിഞ്ഞ് വളഞ്ഞ് മാത്രമെ നടക്കാൻ സാധിക്കൂ.

ഓഫീസിൽ പോയിരുന്ന കാലം ഇടയ്ക്ക് ഞങ്ങൾ ബസ്സിൽ അടുത്തടുത്ത് ഇരിക്കാറുണ്ട്, സംസാരിക്കാറുണ്ട്. എപ്പോഴും വിടർന്ന മനോഹരമായ ചിരി അദ്ദേഹത്തിന്റെ മുഖത്ത് ഉണ്ടാകും. എനിക്ക് ഏറ്റവും ഇഷ്ടവും അതാണ്. ശാരീരിക പരിമിതിയെക്കുറിച്ച് ഒന്നും ചോദിക്കാറില്ല, സംസാരിക്കാറുമില്ല, അങ്ങനെ ഒന്നുണ്ട് എന്ന് ഭാവിക്കാറുമില്ല.

ഞാൻ ജോലി ചെയ്തിരുന്ന സിവിൽ സ്റ്റേഷനിലാണ് അദ്ദേഹത്തിനും ജോലി. ലിഫ്റ്റ് ഇല്ലാത്ത കാലത്തും ഉള്ളത് പണിമുടക്കുമ്പോഴും കോണി കേറി ഒന്നാം നിലയിലേക്ക് പോകുന്നത് സാഹസമാണ്. മൂന്നാം നിലയിലെ എന്റെ ഓഫീസിലേക്ക് പടി കേറി, കോണിയിൽ അദ്ദേഹത്തെ മറികടന്ന് പോകുമ്പോൾ പുഞ്ചിരിയോടെ അഭിവാദ്യം ചെയ്യും. വിട്ടോളൂ, ഞാൻ പിറകെ വരാം എന്ന് ആംഗ്യം കാണിക്കും.

ഓഫീസ് കഴിഞ്ഞ് ഒരുനാൾ എന്റെ കൂടെ ബൈക്കിൽ നാട്ടിലേക്ക് പോന്നത് ഓർക്കുന്നു. പതിവ് തെറ്റി അന്ന് മഴ പെയ്തു. ഹെൽമെറ്റ് കാരണം തല നനയാതെ ഞാൻ രക്ഷപ്പെട്ടു. ഏന്നാൽ തലയടക്കം അയാൾ നനഞ്ഞു. എങ്കിലും ഇറങ്ങാൻനേരം ചേലുള്ള ചിരി സമ്മാനിച്ചു.

എന്റെ ബൈക്കിന് പിറകിൽ കേറിയപ്പോൾ സ്വകാര്യം പറഞ്ഞു; ജിമ്മിൽ ചേർന്നിട്ടുണ്ട് എന്ന്. ഓഫീസ് കഴിഞ്ഞ് വൈകുന്നേരമാണ് പോകാറ്. എനിക്ക് വലിയ സന്തോഷമായി. 57 കഴിഞ്ഞ ഞാൻ ജിമ്മിൽ പോകുന്നത് കാണുമ്പോൾ അപൂർവം ചിലർ നെറ്റിചുളിക്കാറുണ്ട്. മസിൽ വളർത്താനും ചെറുപ്പക്കാരനാകാനും അല്ലേ എന്നാണ് അതിലെ ധ്വനി. ജിമ്മിൽ പോകുമ്പോൾ ഒരാശ്വാസമാണ്. കഴിയുന്ന വർക്കൗട്ടുകൾ ചെയ്യും. ശരീരത്തിലേറെ മനസ്സിന് കരുത്ത് കിട്ടുന്നുമുണ്ട് എന്നും കൂട്ടിച്ചേർത്തു.

ചെറിയ ഒരു വൈകല്യം ഉള്ളവർ പോലും അവനവനിലേക്ക് ഒതുങ്ങിക്കൂടി അപകർഷതാബോധത്തിൽ കിടന്നു പിടഞ്ഞ് ജീവിതം തള്ളിനീക്കുന്നത് കാണാറുണ്ട്. ഇവിടെ ഇതാ ഒരാൾ ബൈക്ക് ഓടിക്കുന്നു. ജോലി ചെയ്യുന്നു. ജിമ്മിൽ പോലും പോകുന്നു. വർക്കൗട്ട് ചെയ്യുന്നു. നന്നായി ജീവിക്കുന്നു. ഉള്ള് തുറന്ന് ചിരിക്കുന്നു.

പരിമിതികളെ പടച്ചവന്റെ പരീക്ഷണമായി മനസ്സിലാക്കാനും അതിൽ തൃപ്തിയടയാനും നൽകപ്പെട്ട അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ച് നിരാശയില്ലാതെ ജീവിക്കാനുമാണ് വിശ്വാസികൾ ശ്രമിക്കേണ്ടത്.

അബൂദർറ് ജുൻദബ് ഇബ്നു ജുനാദ(റ)യിൽ നിന്ന് നിവേദനം. നബി(സ്വ) എന്നോട് പറഞ്ഞു: “നന്മയിൽനിന്ന് യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിൻെറ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും “ (മുസ്‌ലിം).



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ


Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
15 February 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

# നിങ്ങളിൽ ഏറ്റവും ഉത്തമർ ഖുർആൻ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ആണ്!

മുഹമ്മദ് നബി (സ)

Al Bayán
Online Qur'an Contest

MARCH 19 2025

Prize Worth
50K

സിലബസ്: അമാനി മൗലവി തഫ്സീർ, സൂറത്തുൽ മുൽക്ക്
EXCLUSIVELY FOR CAMPUS STUDENTS

Wisdom Students State Campus Wing
wisdomstudents

For Details:
+91 90617 58351

WISDOM students
ധർമ സമരത്തിന്റെ
വിദ്യാർത്ഥി കാലം

KERALA
STUDENTS
CONFERENCE

2025 മെയ് 11
പെരിന്തൽമണ്ണ